# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കട്ടപ്പന മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK/P3/524

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 16/05/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കട്ടപ്പന മുനിസിപ്പാലിറ്റി

സർ,

വിഷയം : കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(എയിംസിൽ)
2.ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം
3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി
4.കാര്യാലയ പകർപ്പ്

നമ്പർ: KSA-IDK/P3/524 തീയ്യതി: 16/05/2023

## ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-05-2022 മുതൽ 17-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കെ.കെ | സിനീയർ ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 01-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 01-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.കെ. മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. അഭിലാഷ് എം.കെ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ. ജോർജ്ജ്,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽ രാജ് ആർ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ
സ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
| --- | --- | --- | --- |
| ശ്രീമതി.ബീന ജോബി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.മാമ്പള്ളി സന്തോഷ് കുമാർ | സെക്രട്ടറി | 01-04-2021 | 07-10-2021 |
| ശ്രീ.ജയകുമാർ എസ് | സെക്രട്ടറി | 08-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
| --- | --- | --- | --- |
| ശ്രീ.അനുരൂപ് എം.ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജിമി എം.ജിയോ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.ഗ്രേസി.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീകാന്ത് കെ.ബി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ.ഗീതമ്മ പി.വി | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജാസ്മിൻ സി.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ലിജിൻ രാജീവ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രാധാമണി കെ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 01-11-2021 |
| ശ്രീമതി. സരിതമോൾ കെ.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | കമ്മിറ്റികളുടെ പ്രവർത്തന അവലോകനം | 1-8-1 |
| 11 | പ്രതിമാസ/വാർഷിക റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-9-1 |
| 12 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-9-2 |
| 13 | വിവിധ വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കുകളിലെ തുകകളിൽ കൃത്യതയില്ല | 1-9-3 |
| 14 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല | 1-9-4 |
| 15 | ബാധ്യത ശീർഷകങ്ങളിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-9-5 |
| 16 | തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ അനാസ്ഥ - 2022-23ലെ വികസന ഫണ്ടിൽ ₹164,050/-യുടെ കുറവിന് സാധ്യത | 1-9-6 |
| 17 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് | 1-9-7 |
| 18 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-10 |
| 19 | ഉപയോഗക്രമം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു | 1-11 |
| 20 | ലേലം സംബന്ധിച്ച അപാകതകൾ | 1-12 |
| 21 | തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-13 |
| 22 | പെർമിറ്റ് നൽകിയതിൽ അപാകത | 1-14 |
| 23 | അനധികൃത നിർമാണത്തിന് രാജിയാക്കൽ ഫീസ് ഈടാക്കിയില്ല | 1-15 |
| 24 | കെട്ടിട നിർമാണ ചട്ടങ്ങളുടെ ലംഘനം | 1-16 |
| 25 | സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല-വികസന ഫണ്ട് നഷ്ടം ₹40,260/- | 1-17 |
| 26 | വ്യക്തിഗത ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ വാങ്ങി നൽകൽ - സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം | 1-18 |
| 27 | തെരുവ് വിളക്ക് പദ്ധതി - അപാകതകൾ | 1-19 |
| 28 | സോളാർ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - അപാകതകൾ | 1-20 |

| | | |
|---|---|---|
| 29 | വാങ്ങൽ പ്രോജക്ടുകളുടെ കരാറുകാരനിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല | 1-21 |
| 30 | ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-22 |
| 31 | അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു | 1-23 |
| 32 | പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു | 1-24 |
| 33 | ജൈവവള വിതരണം - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ | 1-25 |
| 34 | ശാന്തിമഠം-ക്ഷേത്രംപടി-കരിമ്പാനിപ്പടി-തയ്യൽപടി-20 ഏക്കർ-അമ്പാട്ടുപടി റോഡ് - വാർഡ് 21 - ഐറിഷ് ഡ്രെയിൻ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-26-1 |
| 35 | ഐറിഷ് ഓട നിർമ്മാണ പ്രവൃത്തികൾക്ക് അധികം തുക നൽകി | 1-26-2 |
| 36 | ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം - പാർട്ട് ബില്ലിൽ നിന്ന് തുക ഈടാക്കിയിട്ടില്ല | 1-26-3 |
| 37 | സംയോജിതമായി പദ്ധതി നടപ്പിലാക്കിയില്ല - നഗരസഭയ്ക്ക് 315 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നഷ്ടമായി | 1-27 |
| 38 | ക്രിമറ്റോറിയം മെയിന്റനൻസ് - അധികം തുക നൽകി | 1-28 |
| 39 | തെറ്റായ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു | 1-29 |
| 40 | മരാമത്ത് പ്രവർത്തികളിൽ റീ-ടെൻഷൻ തുക ഈടാക്കിയിട്ടില്ല | 1-30 |
| 41 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 42 | മുനിസിപ്പൽ മൈതാനത്ത് ഫുട്ബോൾ കോർട്ട് നിർമ്മാണം - അപാകതകൾ | 1-32 |
| 43 | കുടുംബശ്രീ - അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു | 1-33 |
| 44 | മുൻകൂറുകൾ ക്രമീകരിച്ചില്ല | 1-34 |
| 45 | ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി അനുവദിച്ചു | 1-35 |
| 46 | മാനദണ്ഡങ്ങൾ പാലിക്കാതെ നഗരസഭ കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മിച്ചു | 1-36 |
| 47 | പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ലാപ്ടോപ്പുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല - ₹108,916/-യുടെ ചെലവ് തടസ്സം | 1-37 |
| 48 | എസ്.എസ്.എ. വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-38 |
| 49 | ഓക്സിജൻ സിലിണ്ടർ ലഭിക്കുന്നതിന് നൽകിയ കോഷൻ ഡിപ്പോസിറ്റ് തിരികെ വാങ്ങിയില്ല | 1-39 |
| 50 | ഷീ-ടാക്സി ഓട്ടോ വിതരണത്തിൽ അപാകതകൾ | 1-40 |
| 51 | ആയുർവ്വേദ ആശുപത്രിയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 1-41 |
| 52 | മരണപ്പെട്ട ഗുണഭോക്താക്കൾക്കും സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കുന്നു | 1-42 |
| 53 | ഫിറ്റ്നസ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു | 1-43 |
| 54 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ – വിനിയോഗിക്കാത്ത സർക്കാർ ധനസഹായം തിരിച്ചടച്ചില്ല | 1-44 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അധിക നിരക്ക് നൽകി | 3-1 |
| 2 | തെറ്റായ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു | 3-2 |
| 3 | ക്രിമറ്റോറിയം മെയിന്റനൻസ് - അധികം തുക നൽകി | 3-3 |
| 4 | വ്യക്തിഗത ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ വാങ്ങി നൽകൽ - സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം- ₹272,000/-യുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.02.2021-ലെ നഗരസഭ കമ്മിറ്റിയിൽ അവതരിപ്പിച്ച ₹6,257,500/- മുന്നിരിപ്പും ₹338,538,900/- വരവും ₹341,021,900/- ചെലവും ₹3,774,500/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം തീരുമാനം നമ്പർ 1-1 പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15.02.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 285, 286, 287, 288, 289, 290, 291, 292, 293 വകുപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 285-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 286]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തൻ വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ബജറ്റ് പരിഷ്കരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2021-22-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം 286 മുതൽ 293 വരെയുള്ള വകുപ്പുകളിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്യും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് നഗരസഭയുടെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 01.07.2022 | - | - |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | വിനിയോഗ നിരക്ക് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 39492380 | 39492380 | 38811000 | 681380 | 98.27% |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9840198 | 9840198 | 9002000 | 838198 | 91.48% |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1222719 | 1222719 | 1068000 | 154719 | 87.35% |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 16510256 | 16510256 | 12999210 | 3511046 | 78.73% |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 29426052 | 29426052 | 13775815 | 15650237 | 46.82% |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 15982050 | 15982050 | 13812686 | 2169364 | 86.43% |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 11573258 | 11573258 | 9424173 | 2149085 | 81.43% |
| എൻ.യു.എൽ.എം. | 11638063 | 1081478 | 12719541 | 12713648 | 5893 | |
| ശുചിത്വ മിഷൻ | 5706898 | 175138 | 5882036 | 5858338 | 23698 | |
| മഴക്കാലപൂർവ്വ ശുചീകരണം | 0 | 340000 | 340000 | 340000 | 0 | |
| ഐ.സി.ഡി.എസ്-എസ്.എൻ.പി. | 109941 | 1689212 | 1799153 | 796092 | 1003061 | |
| അങ്കണവാടി ബോർഡ്-വനിത ശിശു വികസന വകുപ്പ് | 126000 | 0 | 126000 | 126000 | 0 | |
| പി.എം.എ.വൈ. | 6616979 | 108393 | 6725372 | 6480343 | 245029 | |

വിവിധ ഫണ്ടുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം, അധിക അലോട്ട്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് | അധിക അലോട്ട്മെന്റ് | ആകെ ലഭിച്ച |
|---|---|---|---|

| | വിഹിതം | 2020-21 ക്യാരി ഓവർ (പകുതി) | വോട്ടിംഗ് മെഷീൻ തുക തിരികെ | ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 38811000 | 681380 | 0 | 39492380 |
| വികസനഫണ്ട് (SCP) | 9002000 | 838198 | 0 | 9840198 |
| വികസനഫണ്ട് (TSP) | 1068000 | 154719 | 0 | 1222719 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 15982000 | 50 | 0 | 15982050 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 10718000 | 776700 | 78558 | 11573258 |

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം ₹ | പി.എം.എ.വൈ ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 39492380 | 8596134 | 2102400 | 28793846 |
| വികസന ഫണ്ട് (SCSP) | 9840198 | 560000 | 0 | 9280198 |
| വികസന ഫണ്ട് (TSP) | 1222719 | 53333 | 0 | 1169386 |
| മെഡിന്റൻസ് ഗ്രാന്റ് – റോഡിതരം | 1573258 | 1830533 | 0 | -257275 |

2. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

## 1-4 പദ്ധതി അവലോകനം

നഗരസഭയുടെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. 14.81 കോടി രൂപ അടങ്കലുള്ള പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 219 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2021 ജൂൺ മാസം പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 519 | 315249983 | 315 | 137573084 | 0 | 204 | 60.69 |

വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 23.01.2021 |
| വാർഡ്തല യോഗങ്ങൾ | 07.02.2021 - 12.02.2021 |
| വികസന സെമിനാർ | 16.02.2021 |
| കരട് പദ്ധതി രേഖയുടെ അംഗീകാരം | 10.02.2021 (1-1) |
| അന്തിമ പദ്ധതി രേഖ അംഗീകാരം | 17.02.2021 (1-1) |
| ഭരണ സമിതിയുടെ അംഗീകാരം | 17.02.2021 (1-1) |
| സ്പിൽ ഓവർ പ്രോജക്ടുകളുടെ അംഗീകാരം | 25.06.2021 (22-1) & 18.08.2021 (17-1) |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം | 30.09.2021 (20-1) |

വർക്കിംഗ് ഗ്രൂപ്പുകൾ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിന് പകരം മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2021-22ൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വാർഡ് സഭ യോഗങ്ങൾ 10.02.2021 മുതൽ കൂടിയിട്ടുണ്ട്. വാർഡ് പ്രദേശത്തെ വികസനങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ പിരിധിയിൽ വരുന്ന പ്രോജക്ടുകൾ ശുപാർശ ചെയ്തിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്.

31.52 കോടി രൂപ വകയിരുത്തിയ 2021-22 വാർഷിക പദ്ധതിയിൽ 13.76 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 519 പ്രോജക്ടുകളിൽ 60.69 ശതമാനം മാത്രമാണ് സമയബന്ധിതമായി പൂർത്തീകരിച്ച് ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 5 | 5 | 100 | 1375000 | 1375000 | 100 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | 100 | 450000 | 450000 | 100 |
| കൃഷി ഓഫീസർ | 3 | 2 | 66.67 | 3345600 | 1957080 | 58.5 |
| സെക്രട്ടറി | 77 | 50 | 64.94 | 73913101 | 43833281 | 59.3 |
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി | 5 | 4 | 80 | 4600000 | 3341439 | 72.64 |
| വെറ്ററിനറി സർജൻ സബ് ഇൻസ്പക്ടർ ഓഫ് | 6 | 4 | 66.67 | 2745000 | 984557 | 35.87 |

| | | | | | | |
|---|---|---|---|---|---|---|
| ഫിഷറീസ് | | | | | | |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | 1 | 1 | 100 | 2000000 | 1507880 | 75.39 |
| മുനിസിപ്പൽ എഞ്ചിനീയർ | 415 | 245 | 59.04 | 218015282 | 77527455 | 35.56 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 2 | 40 | 8806000 | 6596392 | 74.91 |
| ആകെ | 519 | 315 | 60.69 | 315249983 | 137573084 | 43.64 |

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 13 | 11 | 84.62 | 9454600 | 5403312 | 57.15 |
| സേവനം | 226 | 144 | 63.72 | 165704681 | 72583927 | 43.8 |
| പശ്ചാത്തലം | 280 | 160 | 57.14 | 140090702 | 59585845 | 42.53 |
| ആകെ | 519 | 315 | 60.69 | 315249983 | 137573084 | 43.64 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 478 പ്രോജക്ടുകളിൽ 287 എണ്ണം നടപ്പാക്കി. പൊതുവിഭാഗത്തിൽ ചെലവ് 42.08 ശതമാനം മാത്രമാണ് ചെലവ്. പട്ടികജാതി വിഭാഗത്തിൽ ആവിഷ്കരിച്ച 30 പ്രോജക്ടുകളിൽ 18 മാത്രമാണ് നടപ്പാകിയത്. പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 11 പ്രോജക്ടുകളിൽ 10 പ്രോജക്ടുകളും നടപ്പാക്കി. പട്ടികജാതി വിഭാഗത്തിൽ 69.45 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ 85.01 ശതമാനവുമാണ് ചെലവ്.

വാർഡ് സഭകളുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. പദ്ധതി പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടൽ നടത്തിയിട്ടില്ല. സേവന, പശ്ചാത്തല മേഖലകളിൽ പ്രോജക്ടുകളുടെ ആധിക്യം നിമിത്തം 60 ശതമാനം പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 415 പ്രോജക്ടുകൾ ആവിഷ്കരിച്ചത്. പ്രോജക്ടുകളുടെ ആധിക്യം കാരണം സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. കൂടതെ, പ്രവൃത്തികളുടെ ഗുണനിലവാരത്തെയും പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളും പദ്ധതി പുരോഗതി വിലയിരുത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ലാപ്സായി പോകാതെ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ചെലവുകൾ | 5247685 | 13077275 | 18324960 | 15061645 | 3263315 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 29760 | |
| വാർദ്ധക്യകാല പെൻഷൻ | 53558400 | 4272 |
| കർഷക തൊഴിലാളി പെൻഷൻ | 2544400 | 176 |
| വിധവ പെൻഷൻ | 20103300 | 1422 |
| 50 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 276800 | 21 |
| വികലാംഗ പെൻഷൻ | 5897500 | 400 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹389,420/- (മൂന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി നാനൂറ്റി ഇരുപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

2021-22 വർഷത്തെ ബജറ്റ് വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം

കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ട് പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്ന് വന്നിട്ടില്ല. വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ നൽകിയിട്ടും തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ വീഴ്ച കാരണം 2021-22 സാമ്പത്തിക വർഷാവസാനം 6.19 കോടി രൂപ കുടിശ്ശിക വന്നിട്ടുണ്ട്.

പ്രോജക്ടുകളുടെ ബാഹുല്യം കാരണം വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇടപെടലുകൾ നടത്തിയിട്ടില്ല. അതിനാൽ പദ്ധതി ചെലവ് 60 ശതമാനത്തിൽ താഴെയാണ്.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-8-1 കമ്മിറ്റികളുടെ പ്രവർത്തന അവലോകനം

1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 4 (3), (5) എന്നിവ പ്രകാരം കൗൺസിൽ യോഗം നടന്ന് 24 മണിക്കൂറിനുള്ളിൽ യോഗത്തിന്റെ മിനിട്സ് തയ്യാറാക്കി അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതും സെക്രട്ടറി തയ്യാറാക്കിയ മിനിട്സ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനകം അംഗീകരിച്ച് സെക്രട്ടറിക്ക് തിരികെ നൽകേണ്ടതും അദ്ധ്യക്ഷൻ അംഗീകരിച്ച മിനിട്സ് സെക്രട്ടറിക്ക് തിരികെ ലഭിച്ച് 48 മണിക്കൂറിനകം മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതുമാണ്. എന്നാൽ പല ഭരണ സമിതി യോഗങ്ങളുടെയും മിനിട്സ് നാളിതുവരെ ചെയർപേഴ്സൺ അധികൃതമാക്കിയിട്ടില്ല. ഭരണ സിമിതിയുടെ 25.05.2021, 25.06.2021, 12.07.2021, 23.07.2021, 11.08.2021, 18.08.2021, 30.09.2021, 08.10.2021, 17.11.2021, 01.12.2021, 01.01.2022, 13.01.2022, 21.01.2022, 10.02.2022 യോഗങ്ങളുടെ മിനിട്സ് പൂർത്തീകരിച്ച് അദ്ധ്യക്ഷൻ അധികൃതമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 16(11) പ്രകാരം സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ നടപടി ക്രമങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, നഗരസഭയിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് ബുക്ക് അധികൃതമാക്കിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പ്രകാരം 15.12.2020, 29.01.2021, 15.02.2021, 07.03.2021, 16.03.2021, 27.08.2021, 29.09.2021 തീയതികളിലെ യോഗങ്ങളിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. 22.07.2021, 27.10.2021, 28.12.2021, 25.01.2022, 09.02.2022, 22.03.2022 തീയതികളിലെ മിനിട്സ് പൂർത്തീകരിച്ചിട്ടില്ല. 17.04.2021, 14.05.2021, 18.06.2021, 24.11.2021, തീയതികളിലെ യോഗങ്ങളുടെ മിനിട്സ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണം, അംഗീകാരം, പുരോഗതി വിലയിരുത്തൽ, മോണിറ്ററിംഗ് എന്നിവയിൽ ഏറ്റവും ക്രിയാത്മകമായി പ്രവർത്തിക്കേണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22.06.2021, 22.01.2022 തീയതികളിലെ മിനിട്സ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി പുരോഗതി വിലയിരുത്തി കൃത്യമായ നിർദേശങ്ങൾ നൽകിയിട്ടില്ല.

വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.08.2021-ലെ മിനിട്സ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി പുരോഗതി അവലോകനം ചെയ്ത് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

ക്ഷേമകാര്യ സ്റ്റാന്റംഗ് കമ്മിറ്റി 2021-22ൽ എല്ലാ മാസവും യോഗം ചേർന്നിട്ടില്ല. കോവിഡ്-19 ഭീഷണി 2021 ഓഗസ്റ്റ് മാസത്തിൽ തീർന്നെങ്കിലും എല്ലാ മാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചേരുന്നതിന് ശ്രദ്ധിച്ചിട്ടില്ല. 25.04.2021ന് ശേഷം 01.06.2021ലും 25.09.2021ന് ശേഷം 06.12.2021-ലുമാണ് യോഗം ചേർന്നിട്ടുള്ളത്. 2021-22 വാർഷിക പദ്ധതി പ്രോജക്ടുകൾ ശുപാർശ ചെയ്യുകയോ പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല.

ധനകാര്യ സ്റ്റാന്റംഗ് കമ്മിറ്റി 2021-22ൽ എല്ലാ മാസവും യോഗം ചേർന്നിട്ടില്ല. കോവിഡ്-19 ഭീഷണി 2021 ഓഗസ്റ്റ് മാസത്തിൽ തീർന്നെങ്കിലും എല്ലാ മാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചേരുന്നതിന് ശ്രദ്ധിച്ചിട്ടില്ല. 15.02.2021ന് ശേഷം 03.08.2021ലും 13.09.2021ന് ശേഷം 10.12.2021-ലുമാണ് യോഗം ചേർന്നിട്ടുള്ളത്. നികുതി-നികുതിയിതര വരുമാനങ്ങൾ കൃത്യമായി അസസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുമുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ശ്രമിച്ചിട്ടില്ല. എല്ലാ വരവ്-ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുമില്ല.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

1-9-1 പ്രതിമാസ/വാർഷിക റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53ൽ ബാങ്ക് ബുക്കുകളിലെ

നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 7-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 54-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. 2011ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനുവലിലെ സെക്ഷൻ 25.3.ii(h) പ്രകാരം റവന്യൂ, ആരോഗ്യം, എഞ്ചിനീയറിംഗ്, പ്ലാനിംഗ്, ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയ സെക്ഷനുകളിലെ റെക്കോർഡുകളുമായി അക്കൗണ്ടിംഗ് വിഭാഗത്തിലെ കണക്കുകൾ പൊരുത്തപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 25.3.iii(a)ൽ ഡെപ്പോസിറ്റുകൾ, അഡ്വാൻസുകൾ, റിസീവബിൾസ്, വരുമാനങ്ങൾ എന്നിവ സബ്സിഡിയറി റെക്കോർഡുകളും രജിസ്റ്ററുകളുമായി ഒരോ അർദ്ധ വർഷവും പൊരുത്തപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ചാപ്റ്റർ 26ൽ വിവിധ തരം റിക്കൺസിലിയേഷനുകൾ നടത്തുന്നതിന്റെ വിശദമായ നടപടി ക്രമങ്ങളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2021-22 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ, സാംഖ്യയിൽ തയ്യാറാക്കിയിട്ടുള്ള റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

### 1-9-2 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 7, കേരള മുനിസിപ്പാലിറ്റി മാനുവൽ, ചാപ്റ്റർ 5.11, 5.12). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി ഇനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്. കൂടാതെ കിട്ടാക്കടത്തിന് പ്രൊവിഷൻ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-9-3 വിവിധ വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കുകളിലെ തുകകളിൽ കൃത്യതയില്ല

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| വസ്തുനികുതി തൻവർഷം | 27004028 | 17763807 | 9254265 | 26633129 | 17632505 | 9074546 |
| വസ്തുനികുതി കുടിശിക | 7372525 | 4116689 | 3255836 | 17095553 | 3790153 | 13304068 |
| വസ്തുനികുതി സർവ്വീസ് സെസ്സ് തൻവർഷം | 1620241 | 835491 | 784750 | 1167979 | 827348 | 340631 |
| വസ്തുനികുതി സർവ്വീസ് സെസ്സ് കുടിശിക | 1247795 | 126012 | 1121783 | 436375 | 117521 | 324615 |
| തൊഴിൽ നികുതി ജീവനക്കാർ തൻവർഷം | 2112000 | 1761580 | 350420 | ഡി.സി.ബി രജിസ്റ്റർ പരിപാലിച്ചിട്ടില്ല | | |
| തൊഴിൽ നികുതി ജീവനക്കാർ കുടിശ്ശിക | 9485748 | 224730 | 9261018 | - ടി - | | |
| തൊഴിൽ നികുതി ജീവനക്കാർ തൻവർഷം | 6166235 | 6087485 | 0 | - ടി - | | |
| പരസ്യ നികുതി കുടിശ്ശിക | 95500 | 0 | 95500 | - ടി - | | |
| മറ്റ് നികുതികൾ തൻവർഷം | 0 | 126667 | 0 | - ടി - | | |
| സിവിക് ആംനിറ്റീസ് തൻവർഷം | 11213856 | 6706133 | 4507723 | - ടി - | | |
| സിവിക് ആംനിറ്റീസ് കുടിശ്ശിക | 3050438 | 779266 | 2271172 | - ടി - | | |
| ഭൂമി ലീസ് കുടിശ്ശിക | 9000 | 0 | 9000 | - ടി - | | |
| ലീസ് കുടിശ്ശിക | 222941 | 0 | 222941 | - ടി - | | |
| മറ്റ് വരവുകൾ കുടിശ്ശിക | 1408724 | 0 | 1408724 | - ടി - | | |
| ലൈസൻസ് തൻവർഷം | 2655500 | 2548100 | 107400 | - ടി - | | |
| ലൈസൻസ് കുടിശ്ശിക | 111820 | 111820 | 0 | - ടി - | | |
| പരസ്യ ഫീസ് തൻവർഷം | 110986 | 110986 | 0 | - ടി - | | |
| കംഫർട്ട് സ്റ്റേഷൻ തൻവർഷം | 1451910 | 740243 | 0 | - ടി - | | |
| മാർക്കറ്റ് തൻവർഷം | 4650389 | 2160926 | 0 | - ടി - | | |

| | | | | |
|---|---|---|---|---|
| ബസ്സ്റ്റാന്റ് തൻവർഷം | 233000 | 0 | 0 | - ടി - |
| സ്ലോട്ടർ ഹൗസ് തൻവർഷം | 1185000 | 0 | 0 | - ടി - |
| ലോറി, ടാക്സി സ്റ്റാന്റ് തൻവർഷം | 239777 | 113110 | 0 | - ടി - |
| ക്രിമറ്റോറിയം തൻവർഷം | 262500 | 262500 | 0 | - ടി - |
| മറ്റ് യൂസർ ചാർജ്ജുകൾ തൻവർഷം | 33310 | 1185000 | 0 | - ടി - |
| മറ്റ് ഫീസുകൾ തൻവർഷം | 140610 | 373610 | 0 | - ടി - |

വസ്തുനികുതി ഒഴികെയുള്ള വരുമാനങ്ങളുടെ ഡി.സി.ബി. രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കൂടാതെ ഡിമാന്റ് ഹെഡിൽ നിന്നും വ്യത്യസ്തമായിട്ടാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിനും വാർഷിക കണക്കിലെയും രജിസ്റ്ററിലെയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-9-4 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

നഗരസഭയുടെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹84,542/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസ കാലാവധി കഴിഞ്ഞ Stale Cheque തുകകൾ പ്രസ്തുത ശീർഷകത്തിൽ തുടരുന്നത് ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 43, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. സ്റ്റെയിൽ ചെക്ക് ബാദ്ധ്യതയായി വൻ തുക ക്രമീകരിച്ചിരിക്കുന്നതിനും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-9-5 ബാധ്യത ശീർഷകങ്ങളിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ആസ്തി നഗരസഭയുടെ പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല എന്ന് കാണുന്നു.

| ഷെഡ്യൂൾ | ഹെഡ് | വിശദാംശങ്ങൾ | 31.03.2022ലെ തുക (₹) | 28.02.2023ലെ തുക (₹) |
|---|---|---|---|---|
| B-9 Other Liabilities | 350200209 | Recoveries Payable - Value Added Tax - Municipal Fund | 2151 | 2151 |
| | 350200214 | Recoveries Payable - Kerala Construction Workers Welfare Fund - Municipal Fund | 16560 | 16560 |
| | 350300400 | VAT Payable | 32658 | 32658 |

| | | | | |
|---|---|---|---|---|
| | 350300600 | Luxary Tax Payable | 36787 | 78593 |
| | 350300710 | Government And Other Dues Payable - TDS CGST | 7763 | 7763 |
| | 350300810 | Government And Other Dues Payable - TDS SGST | 7763 | 7763 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു ഹെഡുകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ചും തുകകൾ യഥാസമയം ബാദ്ധ്യതയിൽ നിന്നും ക്രമീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൊടുത്ത് തീർക്കുവാനുള്ള ബാദ്ധ്യതകൾ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-9-6 തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ അനാസ്ഥ - 2022-23ലെ വികസന ഫണ്ടിൽ ₹164,050/-യുടെ കുറവിന് സാധ്യത

31.03.2022ലെ ആസ്തി ബാദ്ധ്യത പത്രിക അനുസരിച്ച് വസ്തു നികുതി, വാടക എന്നീ ഇനങ്ങളിൽ വൻ കുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യ പത്രികയുടെ ബി-15 പത്രിക പ്രകാരം 326.51 ലക്ഷം കുടിശ്ശികയുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, 539(1)-ആം വകുപ്പനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വരുമാനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നികുതി നികുതിയിതര വരുമാനം | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | പിരിവ് ശതമാനം |
|---|---|---|---|---|
| തൻവർഷം | 63992949 | 47988130 | 15004558 | 75 |
| കുടിശിക | 27998051 | 10076877 | 17645974 | 36 |
| ആകെ | 91991000 | 58065007 | 32650532 | 63 |

വസ്തുനികുതിയുടെ കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വരവിനങ്ങളുടെ തൻ വർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് വിഹിതത്തിൽ നിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക 2022-23 മുതൽ കുറവ് ചെയ്യുമെന്ന് 18.10.2022-ലെ ജി.ഒ.(എം.എസ്.) 179/2022 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ബജറ്റ് രേഖകൾ പ്രകാരം 2022-23ലെ വികസന ഫണ്ട് സാധാരണ വിഹതം ₹16,405,000/-യാണ്. ബജറ്റ് വിഹിതത്തിന്റെ ഒരു ശതമാനം (₹164,050/-) റവന്യൂ പിരിവിലെ അനാസ്ഥമൂലം 2022-23 വർഷം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അതത് വർഷം പിരിച്ചെടുക്കാൻ സാധിക്കാത്ത തുകകൾ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി നടപടികൾ അവസാനിപ്പിക്കുന്നത് ഉചിതമായ പ്രവണതയല്ല. ഡിമാന്റ്

തുകകൾ കാലഹരണപ്പെടുന്നതിന് മുമ്പ് പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9-7 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട്

നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ ട്രഷറി അക്കൗണ്ടിന് പുറമെ നാല് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കൂടി നില നിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | യൂണിയൻ ബാങ്ക്, കട്ടപ്പന | 352802010037248 |
| 2 | എച്ച്.ഡി.എഫ്.സി. ബാങ്ക്, കട്ടപ്പന | 50100230952443 |
| 3 | ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, കട്ടപ്പന | 120191201200001 |
| 4 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കട്ടപ്പന | 19018 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം.3/2008 നമ്പർ പരിപത്രം അനുസരിച്ച്, തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് അഭികാമ്യമല്ല. ആയത് ട്രഷറിക്ക് പുറമെ ഒരു സഹകരണ ബാങ്ക്/ദേശസാത്കൃത ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. ആകയാൽ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് പട്ടികയിൽ പരാമർശിക്കുന്നതിൽ ഒരു അക്കൗണ്ട് മാത്രം നില നിർത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

നഗരസഭയുടെ 17, 20 എന്നീ വാർഡുകളിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചതിൽ അപാകത കാണുന്നു. വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹60/എം2 നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും അവയുടെ യഥാർത്ഥ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിന് മുകളിലാണ്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് നഗരസഭ വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹70/-യാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പരിശോധിച്ചതിൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി (₹70/- നിരക്കിൽ) | കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി (₹60/- നിരക്കിൽ) | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|
| 1 | (വാർഡ്-17) 6 | പി.റ്റി ജോയി | 160.29 | 11220.3 | 9617.4 | 1602.9 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 122 | ജോണി തോമസ് &<br>മേരി തോമസ് | 237 | 16590 | 14220 | 2370 |
| 3 | 197 | എം. എ. തോമസ്<br>മണ്ണൂശേരിൽ<br>വികാസ് സഖറിയ,<br>ചെമ്പകമംഗലം,<br>ടോണി ജെ. പൂമറ്റം<br>മിനി ജോർജ്ജ് പൂമറ്റം,<br>കട്ടപ്പന | 142 | 9940 | 8520 | 1420 |
| 4 | 208<br>To 210 | അനിൽ ജോസഫ്<br>പൂവത്തുംമൂട്ടിൽ,<br>വെള്ളയാംകുടി,<br>വെള്ളയാംകുടി പി. ഒ,<br>പിൻ – 685515 | 111 | 7770 | 6660 | 1110 |
| 5 | 211<br>To 218 | അപ്പച്ചൻ | 400 | 28000 | 24000 | 4000 |
| 6 | 255<br>To 260 | പി. എൻ. ഗോപാലകൃഷ്ണൻ<br>മാംങ്കുഴികണ്ടത്തിൽ<br>കട്ടപ്പന പി. ഒ.<br>കട്ടപ്പന – 685508 | 201.6 | 14112 | 12096 | 2016 |
| 7 | 289 | എം. സി. ആന്റണി | 250 | 17500 | 15000 | 2500 |
| 8 | 290 | – ടി – | 111.8 | 7826 | 6708 | 1118 |
| 9 | 400<br>To 404 | ബിജു കൃഷ്ണൻ സുശീലകുട്ടൻ<br>കുഴിവിള<br>കട്ടപ്പന | 197.98 | 13858.6 | 11878.8 | 1979.8 |
| 10 | 412<br>To 417 | – ടി – | 105.85 | 7409.5 | 6351 | 1058.5 |
| 11 | 450<br>To 453 | റ്റി. റസ്സൽരാജ് | 179.23 | 12546.1 | 10753.8 | 1792.3 |
| 12 | 483 | യൂസഫ് | 115 | 8050 | 6900 | 1150 |
| 13 | 638 | ത്രേസ്യാമ്മ ചാണ്ടി | 161.425 | 11299.75 | 9685.5 | 1614.25 |
| 14 | 652<br>To 656 | അരുൺ സി. രാജു<br>ചിറയിൽ<br>കാഞ്ചിയാർ | 180.96 | 12667.2 | 10857.6 | 1809.6 |
| 15 | 685 | റ്റി. ജെ. ഫിലിപ്പ് | 166 | 11620 | 9960 | 1660 |
| 16 | 687 | കെ. പി. ബഷീർ | 120 | 8400 | 7200 | 1200 |
| 17 | 692 | ഗീതാ സുരേഷ് | 135 | 9450 | 8100 | 1350 |
| 18 | 693 | ശ്രീ. ജോസഫ് ജോസഫ് | 137.7 | 9639 | 8262 | 1377 |
| 19 | 696 | ഗീതാ സുരേഷ് | 104 | 7280 | 6240 | 1040 |
| 20 | 697 | – ടി – | 440 | 30800 | 26400 | 4400 |
| 21 | 708 | സിബി വർക്കി<br>റാണി സിബി | 199 | 13930 | 11940 | 1990 |
| 22 | 712 | – ടി – | 120 | 8400 | 7200 | 1200 |

| | | | | | | |
|---|---|---|---|---|---|---|
| 23 | 782<br>To 786 | ആഷറ ബീഗം &<br>ഇ. എച്ച്. റഷീദ് | 320.5 | 22435 | 19230 | 3205 |
| 24 | 808 | പി. എഫ്. വർഗ്ഗീസ് | 113.77 | 7963.9 | 6826.2 | 1137.7 |
| 25 | 809 | - ടി - | 113.17 | 7921.9 | 6790.2 | 1131.7 |
| 26 | 991 | അന്നമ്മ വർഗ്ഗീസ് | 117.67 | 8236.9 | 7060.2 | 1176.7 |
| 27 | 1032 | എൽദോസ് ജോർജ്<br>കൊച്ചുപുരക്കൽതാഴത്ത്<br>കട്ടപ്പന | 589 | 41230 | 35340 | 5890 |
| 28 | 1043 | ബിനു സജി<br>കാഞ്ഞിരന്താനത്ത്<br>കട്ടപ്പന | 159 | 11130 | 9540 | 1590 |
| 29 | 1052 | എ. എം. ബഷീർ<br>ആക്കോത്ത്,<br>കട്ടപ്പന പി. ഒ.<br>ചെറുതോണി – 685508 | 115 | 8050 | 6900 | 1150 |
| 30 | 1053 | - ടി - | 108.67 | 7606.9 | 6520.2 | 1086.7 |
| 31 | 1054 | - ടി - | 108.67 | 7606.9 | 6520.2 | 1086.7 |
| 32 | 1093 | സാബു ജോൺ<br>കാഞ്ഞിരന്താനം<br>കട്ടപ്പന പി. ഒ.<br>കട്ടപ്പന – 685508 | 156 | 10920 | 9360 | 1560 |
| 33 | 1094 | - ടി - | 156 | 10920 | 9360 | 1560 |
| 34 | 1100<br>To 1103 | തോമസ് വർക്കി,<br>സലോമി വർക്കി,<br>അലക്സ് വർക്കി,<br>സെബാസ്റ്റ്യൻ വർക്കി,<br>സണ്ണി വർക്കി,<br>വർക്കി വർക്കി<br>മാത്യു വർക്കി,<br>ജോസ് വർക്കി,<br>കലയത്തിനാൽ,<br>കട്ടപ്പന | 170.58 | 11940.6 | 10234.8 | 1705.8 |
| 35 | 1106<br>To 1112 | - ടി - | 320.85 | 22459.5 | 19251 | 3208.5 |
| 36 | 1125 | വാസു | 257.64 | 18034.8 | 15458.4 | 2576.4 |
| 37 | 1151<br>A | എൻ. സുന്ദരരാജ്<br>മണിപരുത്തിവിള<br>കട്ടപ്പന | 29.96 | 2097.2 | 1797.6 | 299.6 |
| 38 | 1164 | ജോൺസൺ ജേക്കബ് | 108.8 | 7616 | 6528 | 1088 |
| 39 | 1211<br>To 1225 | എം. സി. അബ്രാഹാം | 500 | 35000 | 30000 | 5000 |
| 40 | 1238 | സുനിമോൻ പി. എസ്. | 108.5 | 7595 | 6510 | 1085 |
| 41 | 1250 | സിബിക്കുട്ടി ജി. സെബാസ്റ്റ്യൻ | 128.34 | 8983.8 | 7700.4 | 1283.4 |

| | | | | | | |
|---|---|---|---|---|---|---|
| 42 | 1304<br>To 1311 | പ്രസിഡൻറ്<br>എൻ. എസ്. എസ്. കരയോഗം | 157.04 | 10992.8 | 9422.4 | 1570.4 |
| 43 | 1316 | ജിറ്റി ജോൺസൺ | 120 | 8400 | 7200 | 1200 |
| 44 | 1347 | അയ്യപ്പൻ | 103 | 7210 | 6180 | 1030 |
| 45 | 1364 | ജോസഫ് ദേവസ്യ | 162 | 11340 | 9720 | 1620 |
| 46 | 1365 | - ടി - | 233.97 | 16377.9 | 14038.2 | 2339.7 |
| 47 | 1367<br>To 1368 | വിനോദ് വർക്കി | 119 | 8330 | 7140 | 1190 |
| 48 | 1435 | തോമസ് ജോസഫ്,<br>ആൻറണി ജോസഫ്,<br>ജോസ് ജോസഫ്<br>ചൂരക്കാട്ട് | 108 | 7560 | 6480 | 1080 |
| 49 | 1436 | - ടി - | 126 | 8820 | 7560 | 1260 |
| 50 | 1448 | തെയ്യാമ്മ ജോസഫ് | 290 | 20300 | 17400 | 2900 |
| 51 | 1450 | ജഗിമോൻ ജോസഫ് | 290.56 | 20339.2 | 17433.6 | 2905.6 |
| 52 | 1451 | - ടി - | 109.28 | 7649.6 | 6556.8 | 1092.8 |
| 53 | 1598 | വി. ഇ. അലക്സ് | 154.87 | 10840.9 | 9292.2 | 1548.7 |
| 54 | 1845 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 132 | 9240 | 7920 | 1320 |
| 55 | 1891<br>A | മനോജ് ആൻഡ്രൂസ്<br>ചേന്നാട്ടുമറ്റം, കട്ടപ്പന | 273.48 | 19143.6 | 16408.8 | 2734.8 |
| 56 | 1944 | കെ. പി. ഷാജി | 267.06 | 18694.2 | 16023.6 | 2670.6 |
| 57 | 1974 | റ്റി. സി. ജോയ് | 108.6 | 7602 | 6516 | 1086 |
| 58 | 2124 | സണ്ണി കുര്യൻ ,<br>സാം കുര്യൻ,<br>സെൻസ് കുര്യൻ | 115.62 | 8093.4 | 6937.2 | 1156.2 |
| 59 | 2175 | ജോയി ജോസഫ് | 128.12 | 8968.4 | 7687.2 | 1281.2 |
| 60 | 2191 | എം. സി. ജോൺ,<br>മോളി ജോൺ<br>നാറാണത്ത്,<br>കട്ടപ്പന പി. ഒ.<br>കട്ടപ്പന – 685508 | 258.98 | 18128.6 | 15538.8 | 2589.8 |
| 61 | 2192 | കട്ടപ്പന, | 258.23 | 18076.1 | 15493.8 | 2582.3 |
| 62 | 2193 | കട്ടപ്പന, | 129.21 | 9044.7 | 7752.6 | 1292.1 |
| 63 | 2212<br>To 2215 | നജീബ് & നാസിഫ ഹസ്സൻ<br>ഇല്ലത്തുപറമ്പിൽ<br>കട്ടപ്പന | 250.6 | 17542 | 15036 | 2506 |
| 64 | 2234 | ജോസഫ് അഗസ്റ്റി | 1539 | 107730 | 92340 | 15390 |
| 65 | 2362<br>To 2367 | ഷൈലജ W/o<br>ഡോ. രഘു കെ.<br>രഘുവൈദ്യമഠം,<br>കട്ടപ്പന പി ഒ,<br>കട്ടപ്പന – 685508 | 123.6 | 8652 | 7416 | 1236 |

| | | | | | | |
|---|---|---|---|---|---|---|
| 66 | 2368 To 2372 | ഡോ. രഘു കെ | 123.6 | 8652 | 7416 | 1236 |
| 67 | 2564 To 2575 | പി. ജെ ചാക്കോ,<br>പി. ജെ മൈക്കിൾ,<br>റോയി ജോസഫ്,<br>റോയി ജോസഫ്,<br>ബേബി ജോസഫ്,<br>ജോർജ്ജ് ജോസഫ്,<br>റ്റോമി ജോസഫ് | 269 | 18830 | 16140 | 2690 |
| 68 | 2682 | സണ്ണി പൊന്നത്ത്<br>കട്ടപ്പന | 105.3 | 7371 | 6318 | 1053 |
| 69 | 2683 | മാനേജിംഗ് ഡയറക്ടർ | 116 | 8120 | 6960 | 1160 |
| 70 | 2707 | ഫിലിപ്പ് ജോർജ്ജ് | 111.5 | 7805 | 6690 | 1115 |
| 71 | 2793 | സെക്രട്ടറി<br>എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ്<br>സൊസൈറ്റി | 137.64 | 9634.8 | 8258.4 | 1376.4 |
| 72 | 2843 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>ചർച്ച് ഓഫ് സൗത്ത് ഇന്ത്യ<br>ട്രസ്റ്റ് അസോസിയേഷൻ | 171 | 11970 | 10260 | 1710 |
| 73 | 2846 | – ടി – | 121.6 | 8512 | 7296 | 1216 |
| 74 | 2879 | ഹാനിസ് യൂസഫ്,<br>യൂസഫ് റാവുത്തർ | 32.7 | 2289 | 1962 | 327 |
| 75 | വാർഡ്– 20<br>258 | രാമകൃഷ്ണൻ<br>ചെട്ടിയാർമേച്ചേരിൽ | 187.6 | 13132 | 11256 | 1876 |
| 76 | 276 | ബിജു മാധവൻ<br>തൊട്ടിയിൽ<br>കട്ടപ്പന പി. ഒ.<br>കട്ടപ്പന – 685508 | 350 | 24500 | 21000 | 3500 |
| 77 | 330 | ജോണിക്കുട്ടി ജോൺ | 117.6 | 8232 | 7056 | 1176 |
| 78 | 401 | കുരുവിള ചാക്കോ | 119 | 8330 | 7140 | 1190 |
| 79 | 413 | പി. ജെ. ജോസഫൈങ്ങോട്ട്,<br>കട്ടപ്പന പി. ഒ.<br>കട്ടപ്പന – 685508 | 158.05 | 11063.5 | 9483 | 1580.5 |
| 80 | 424 | ജോയൽ എൽദോ ചെറിയാൻ<br>ഇടവണ്ണലശ്ശേരിൽ<br>കട്ടപ്പന | 100.8 | 7056 | 6048 | 1008 |
| 81 | 433 | – ടി – | 120.6 | 8442 | 7236 | 1206 |
| 82 | 620 To 623 | സെന്റ് ജോൺസ് ഹോസ്പിൽ<br>കട്ടപ്പന പി. ഒ.<br>കട്ടപ്പന – 685508 | 104 | 7280 | 6240 | 1040 |
| 83 | 624 To 625 | സെൻറ് ജോൺസ് ആശുപത്രി | 122.67 | 8586.9 | 7360.2 | 1226.7 |
| 84 | 631 | ഡയറക്ടർ | 116.1 | 8127 | 6966 | 1161 |

| | | | | | | |
|---|---|---|---|---|---|---|
| | To 640 | സെൻറ് ജോൺസ് ഹോസ്പിറ്റൽ | | | | |
| | | | | | | ആകെ 159009 |

വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. മേൽ സൂചിത അടിസ്ഥാന നികുതിയോടൊപ്പം ചട്ടപ്രകാരമുള്ള വർദ്ധനവും ഇളവും വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. നഗരസഭയിലെ എല്ലാ വാർഡുകളിലെയും വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-11 ഉപയോഗക്രമം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

നഗരസഭയിലെ FACTEOS ലൈസൻസ് അപേക്ഷകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിരിക്കുന്ന വസ്തു നികുതി വിവരങ്ങൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ വാർഡ് 9-ലെ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗക്രമവും ലൈസൻസ് അനുവദിച്ചിരിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ/ ലൈസൻസ് എടുത്തിരിക്കുന്നയാൾ | വിസ്തീർണ്ണം | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | നഗരസഭ നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി | ലൈസൻസ് അനുവദിച്ചിരിക്കുന്ന ഉപയോഗ ക്രമം | ഉപയോഗ ക്രമത്തിന് നഗരസഭ നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി |
|---|---|---|---|---|---|---|
| 9/188 | സാജൻ ജോർജ് | 697.93 എം2 | പാർപ്പിടാവശ്യം/ വീട് | ₹10/എം2 | റെസ്റ്റോറന്റ് | ₹70/എം2 |
| 9/189 | സാജൻ ജോർജ് | 697.93 എം2 | പാർപ്പിടാവശ്യം/ വീട് | ₹10/എം2 | ലോഡ്ജ് | ₹50/എം2 |
| 9/287 | റെക്സ് റ്റി. എസ്. | 120.34 എം2 | പാർപ്പിടാവശ്യം/ വീട് | ₹10/എം2 | ലോഡ്ജ് | ₹50 /എം2 |
| 9/490 | എ. എം. വർഗീസ് | 230 എം2 | കൈത്തറി/ കയറുപിരി ഷെഡ് | ₹25/എം2 | ഇതര വ്യവസായങ്ങൾ (തടി മിൽ ) | ₹60 /എം2 |
| 9/494 | വിജി വി. | 110 എം2 | കൈത്തറി/ കയറുപിരി ഷെഡ് | ₹25/എം2 | ഇതര വ്യവസായങ്ങൾ (ബ്രിക്കറ്റ് നിർമ്മാണം ) | ₹60/എം2 |

കെട്ടിടങ്ങളുടെ ശരിയായ ഉപയോഗ ക്രമം പരിശോധിക്കാതെ നികുതി നിർണ്ണയിച്ചത് മൂലം വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. ശരിയായ ഉപയോഗക്രമം പരിശോധിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസിന് ലഭിക്കുന്ന അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണ്ണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-12 ലേലം സംബന്ധിച്ച അപാകതകൾ

എ) ലേല തുക പൂർണ്ണമായും പിരിച്ചെടുത്തില്ല

2021-22 വർഷം ലേലത്തിൽ നൽകിയ മുനിസിപ്പൽ മൈതാനം ഫീസ് പിരിവ് അവകാശം കുത്തകക്കാരനിൽ നിന്നും ലേല തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

| ലേല ഇനം | ലേല തുക ₹ | പിരിച്ചെടുത്തത് ₹ | പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് ₹ | ലേലം പിടിച്ച വ്യക്തി | കുറിപ്പ് |
|---|---|---|---|---|---|
| മുൻസിപ്പൽ മൈതാനം ഫീസ് പിരിവ് | 380000 | 126667 | 253333 | ശ്രീ. സോമിച്ചൻ തോമസ് | കരാറിൽ ഏർപ്പെട്ടിട്ടില്ല |

ലേല വ്യവസ്ഥകൾ പ്രകാരം ലേലം സ്ഥിരപ്പെടുത്തി അറിയിച്ച് ലഭിച്ച് 3 ദിവസത്തിനുള്ളിൽ നിർദ്ദേശിക്കപ്പെട്ട തുകയ്ക്കുള്ള സോൾവൻസിയും ലേല സംഖ്യയുടെ മൂന്നിലൊന്ന് തുകയും കെട്ടി വെയ്ക്കേണ്ടതും ₹200/-യുടെ മുദ്രപ്പത്രത്തിൽ ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്. ബാക്കി തുക രണ്ട് തുല്യ ഗഡുക്കളായി മെയ് 1, ജൂലായ് 1 എന്നീ തീയതികളിൽ ഒടുക്കേണ്ടതായിരുന്നു. എന്നാൽ ലേല തുകയുടെ പ്രസ്തുത ഗഡു തുക ₹253,333/- ഈടാക്കുവാൻ അവശേഷിക്കുന്നു. സോൾവൻസിയും മുദ്രപ്പത്രത്തിൽ ഉടമ്പടിയിൽ ഏർപ്പെട്ടതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. മേൽപ്പറഞ്ഞ തുക ഈടാക്കിയിട്ടുള്ളപക്ഷം ആയതിന്റെ രേഖകളും കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും സോൾവൻസി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/23.02.2023) ലഭ്യമാക്കിയ മറുപടിയിൽ കരാറിൽ ഏർപ്പെടുകയോ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യാത്തതിനാൽ നിരവധി തവണ കത്ത് നൽകുകയും കോവിഡ് സാഹചര്യമായതിനാൽ പുനർ ലേലം സാധ്യമാകാതെ വന്നതിനാൽ 18.11.2022ന് നഗരസഭ മുൻസിപ്പൽ മൈതാനം ഫീസ് പിരിവ് നേരിട്ട് ഏറ്റെടുത്തു എന്ന് അറിയിച്ചിട്ടുണ്ട്. ലേല വ്യവസ്ഥകൾ പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. നിരതദ്രവ്യം ₹18,615/- നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) ലേല ഫയലിൽ രേഖകൾ ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്നു

ലേലം നോട്ടീസ്, ലേല ഡയറി, ടാബുലേഷൻ ഷീറ്റ് എന്നീ രേഖകൾ ക്രമരഹിതമായാണ് ഫയൽ ചെയ്തിരിക്കുന്നത്. രേഖകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുൻസിപ്പാലിറ്റി പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ ജോലിക്ക് നിയമിക്കപ്പെട്ടിട്ടുള്ള വ്യക്തികളിൽ നിന്നും ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അർദ്ധ വാർഷിക വരുമാന പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ ഹാജരാക്കിയില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ തൊഴിൽ നികുതി ഡിമാന്റ്, നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/23.02.2023) നൽകിയ മറുപടിയിൽ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ രേഖകൾ വീഴ്ച കൂടാതെ ഹാജരാക്കാൻ കർശന നിഷ്കർഷ പുലർത്തേണ്ടതാണ്.

## 1-14 പെർമിറ്റ് നൽകിയതിൽ അപാകത

| | |
|---|---|
| കെട്ടിട ഉടമസ്ഥൻ | ആർ. ചന്ദ്രശേഖരൻ |
| പെർമിറ്റ് നം. | 5/2021-22, തീയതി. 30.06.2021 |
| വാർഡ് നം. | 17 |
| കെട്ടിട നം. | 274 |
| സർവ്വേ നം. | 19/1 |
| റൂഫ് ഇടുന്ന ഭാഗത്തെ തറ വിസ്തീർണ്ണം | 459.03 ച.മീ. |
| സ്ഥല വിസ്തീർണ്ണം | 600ച. മീ. (പ്ലാൻ പ്രകാരം) |
| കവറേജ് | 76.5% |

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 74(6) പ്രകാരം മൂന്ന് നില വരെയുള്ളതും 10 മീറ്റർ ഉയരത്തിൽ കവിയാത്തതുമായ ഒറ്റ കുടുംബ റെസിഡൻഷ്യൽ കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളുടെ ടെറസിന് മുകളിൽ അധിക ഷീറ്റ്/ടൈൽ മേൽക്കൂരയുടെ നിർമ്മാണം മറ്റൊരു നിലായായി കണക്കാക്കുകയും നിർബന്ധിത ആവശ്യങ്ങളുടെ കണക്ക് കൂട്ടലിനായി പരിഗണിക്കുകയും ചെയ്യേണ്ടതാണ്. പെർമിറ്റ് ഫയലിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) കെട്ടിടത്തിന്റെ മറ്റ് നിലകളുടെ വിസ്തീർണ്ണം അപ്രൂവ്ഡ് പ്ലാനൽ നൽകിയിട്ടില്ല.

ബി) അധിക നിർമ്മിതിയുടെ വിസ്തീർണ്ണം എഫ്.എസ്.ഐ. കവറേജ് എന്നിവ കണക്കാക്കുന്നതിനായി നിലവിലുള്ള നിർമ്മിതിയുടേതടക്കം പരിഗണിച്ച വിവരങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല.

സി) റവന്യൂ രേഖകൾ പ്രകാരം സ്ഥല വിസ്തീർണ്ണം 447ച.മീ. ആണ്. എന്നാൽ അപ്രൂവ്ഡ് പ്ലാനിൽ 600ച.മീ. ആണ് സ്ഥല വിസ്തീർണ്ണം.

മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ) എൻക്വയറിക്ക് (നം.14/23.02.2023) മറുപടി ലഭ്യമാക്കിയില്ല. അധിക നിർമ്മിതിയുടെ വിസ്തീർണ്ണത്തെ എഫ്.എസ്.ഐ., കവറേജ് എന്നിവ കണക്കാക്കുന്നതിനായി പരിഗണിച്ച് അപാകതയുണ്ടെങ്കിൽ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമാണത്തിന് രാജിയാക്കൽ ഫീസ് ഈടാക്കിയില്ല

പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച 5/73/എ നമ്പർ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ചുവടെ ചേർത്തിട്ടുള്ള രാജിയാക്കൽ ഫീസ് ഈടാക്കി ക്രമവൽക്കരിച്ചിട്ടില്ല.

| ഉടമസ്ഥന്റെ പേര് | വിനിയോഗക്രമം | കംപ്ലീഷൻ പ്ലാനിലുള്ള വിസ്തീർണ്ണം | ബാധകമായ രാജിയാക്കൽ ഫീസ് |
|---|---|---|---|
| ശ്രീ. സണ്ണി ജോൺ | റെസിഡൻഷ്യൽ | 60.7 ച.മീ | 849.8(60.7x7x2) |

രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുള്ളപക്ഷം വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 22/25.02.2023) മറുപടി ലഭ്യമാക്കിയില്ല. രാജിയാക്കൽ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 കെട്ടിട നിർമാണ ചട്ടങ്ങളുടെ ലംഘനം

2021-22ൽ 20/375/എ1 മുതൽ 20/375/എ5 വരെ നമ്പർ നൽകി ചുവടെ ചേർത്തിട്ടുള്ള വാണിജ്യ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

| | |
|---|---|
| കെട്ടിട ഉടമസ്ഥൻ | ശ്രീ. സാജൻ ജോസ് |
| പെർമിറ്റ് നം. | എ3/457/2014-15/തീ. 05.03.2015 |
| വാർഡ് നം. | 20 |
| സർവ്വേ നം. | 19/1 |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 176 ച.മീ. |
| സ്ഥല വിസ്തീർണ്ണം | 101ച. മീ. (പ്ലാൻ പ്രകാരം) |
| ഒക്യുപൻസി നൽകിയ തീയതി | 04.01.2020 |

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. സർക്കുലർ നം.12900 ആർ.എ.1/2015/തസ്വഭവ., തീ. 02.12.2015 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. കെട്ടിട നിർമ്മാണ അപേക്ഷ ഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതാണ്. എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങളും നിർദ്ദിഷ്ട നിർമ്മാണം, കെട്ടിട നിർമ്മാണ നിയമങ്ങളും മറ്റ് അനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ എന്നുള്ള വിശദമായ അഭിപ്രായവും ഉൾപ്പെടുത്തേണ്ടതുമാണ്.
2. നികുതി നിർണ്ണയിച്ച ഫയലിൽ ഭൂമിയുടെ ഉടമസ്ഥാവകാശവും വിസ്തീർണ്ണവും തെളിയിക്കുന്ന രേഖകളില്ല (ആധാരം, ഭൂമിയുടെ നികുതി അടച്ച രേഖകൾ, കൈവശാവകാശ സർട്ടിഫിക്കറ്റ്), പെർമിറ്റ് നൽകിയ അപ്രൂവ്ഡ് പ്ലാനിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.

3. ഒക്യുപൻസി സർട്ടിഫിക്കറ്റിലെ രേഖപ്പെടുത്തൽ പ്രകാരം പെർമിറ്റ് അനുവദിച്ച തീയതി 05.03.2015 ആണ്. 1999ലെ കേരള മുനിസിപ്പാലിറ്റ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 15(എ) പ്രകാരം പെർമിറ്റ് ലഭിച്ച് 3 വർഷത്തിന് ശേഷം പെർമിറ്റ് പുതുക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് പുതുക്കേണ്ട 04.03.2018, 03.03.2021 എന്നീ തീയതികൾക്ക് ശേഷവും പെർമിറ്റ് ഫീസ് ഈടാക്കി പെർമിറ്റ് പുതുക്കിയിട്ടില്ല. ഒക്യുപൻസി നൽകിയപ്പോൾ രാജിയാക്കൽ ഫീസ് ഈടാക്കി ക്രമപ്പെടുത്തിയതിന്റെയും രേഖകളില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/25.02.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല-വികസന ഫണ്ട് നഷ്ടം ₹40,260/-

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നമ്പർ | 50/22 |
| പദ്ധതി | വനിതകൾക്ക് മുട്ടക്കോഴി വിതരണം |
| അടങ്കൽ | ₹300000/- (വികസന ഫണ്ട്)<br>₹300000/- (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ | 21100847001100969639 തീ : 17.01.2022 ₹67560/- (വികസന ഫണ്ട്)<br>21100847001101006468 തീ : 25.01.2022 ₹132000/- (വികസന ഫണ്ട്)<br>21100847001101293641 തീ : 10.03.2022 ₹80400/- (വികസന ഫണ്ട്)<br>ചെക്ക് നമ്പർ 02195066 തീ : 16.03.2022 ₹132000/- (ഗുണഭോക്തൃ വിഹിതം)<br>ചെക്ക് നമ്പർ 02195065 തീ : 16.03.2022 ₹67440/- (ഗുണഭോക്തൃ വിഹിതം) |

ഒരു ഗുണഭോക്താവിന് 45-60 ദിവസം പ്രായമായ 5 മുട്ട കോഴികുഞ്ഞുങ്ങളെ ₹600/- (300 വികസന ഫണ്ട് + 300 ഗുണഭോക്തൃ വിഹിതം) നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം 3995 കോഴിക്കുഞ്ഞുങ്ങളെ ₹120/- നിരക്കിൽ വാങ്ങി 799 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ വിശദാംശം താഴെ പരാമർശിക്കുന്നു.

| സ്ഥാപനം | ബിൽ നമ്പർ/ തീയതി | വാങ്ങിയ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം | ആകെ വില ₹ | നൽകിയ തുക ₹ | ഫണ്ടിനം |
|---|---|---|---|---|---|
| ഹൈറേഞ്ച് ഫാംസ്, അണക്കര | 6/13.01.2022 | 563 | 67560 | 67560 | വികസന ഫണ്ട് |
| ഹൈറേഞ്ച് ഫാംസ്, അണക്കര | 7/13.01.2022 | 562 | 67440 | 67440 | ഗുണഭോക്തൃ വിഹിതം |

| | | | | | |
|---|---|---|---|---|---|
| വെള്ളറയ്ക്കൽ പൌൾട്രി ഫാം, ഈട്ടിത്തോപ്പ് | 113/21.01.2022 | 1100 | 132000 | 132000 | വികസന ഫണ്ട് |
| വെള്ളറയ്ക്കൽ പൌൾട്രി ഫാം, ഈട്ടിത്തോപ്പ് | 114/21.01.2022 | 1100 | 132000 | 132000 | ഗുണഭോക്തൃ വിഹിതം |
| വെള്ളറയ്ക്കൽ പൌൾട്രി ഫാം, ഈട്ടിത്തോപ്പ് | 145/10.03.2022 | 670 | 80400 | 80400 | വികസന ഫണ്ട് |
| | ആകെ | 3995 | 479400 | | |

നൽകിയ തുകയുടെ വിശദവിവരം താഴെ നൽകുന്നു.

| സ്ഥാപനം | വികസന ഫണ്ട് ₹ | ഗുണഭോക്തൃ വിഹിതം ₹ | ആകെ ₹ |
|---|---|---|---|
| ഹൈറേഞ്ച് ഫാംസ്, അണക്കര | 67560 | 67440 | 135000 |
| വെള്ളറയ്ക്കൽ പൌൾട്രീ ഫാം, ഈട്ടിത്തോപ്പ് | 132000 | 132000 | 264000 |
| വെള്ളറയ്ക്കൽ പൌൾട്രി ഫാം, ഈട്ടിത്തോപ്പ് | 80400 | | 80400 |
| ആകെ | 279960 | 199440 | 479400 |

പൊതു വിഭാഗത്തിൽ മുട്ടക്കോഴി വിതരണത്തിന് 50% ധനസഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 സ.ഉ(കൈ)22/2018 ഉത്തരവ് ഖണ്ഡിക 2.7ൽ പരാമർശിച്ചിരിക്കുന്നത്. അപ്രകാരം കണക്കാക്കുമ്പോൾ ₹479,400/-ന്റെ 50% ആയ ₹239,700/- മാത്രമേ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ അർഹതയുള്ളൂ. എന്നാൽ ഈ പദ്ധതിയിൽ ₹279,960/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതിനാൽ ₹40,260/-(279960-239700)യുടെ നഷ്ടം വികസന ഫണ്ടിന് ഉണ്ടായിട്ടുണ്ട്. 799 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/21.02.2022-ന് തുക പ്ലാൻ ഫണ്ടിൽ തിരിച്ച് അടക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 വ്യക്തിഗത ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ വാങ്ങി നൽകൽ - സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ | 15/22 |
| പദ്ധതി | വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം |
| അടങ്കൽ | ₹272000/- (വികസന ഫണ്ട്)<br>₹272000/-(ഗുണഭോക്തൃ വിഹിതം) |

| | |
|---|---|
| ബിൽ നമ്പർ | 21100847001600614283/06.11.2021, ₹272000/- (വികസന ഫണ്ട്)<br>ചെക്ക് നമ്പർ 194842/08.11.2021, ₹195500/- (ഗുണഭോക്തൃ വിഹിതം) |

തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗത്വം ഉള്ള വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം നടത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഒരു യൂണിറ്റിന് ₹8,000/- നിരക്കിൽ 68 വനിത ഗുണഭോക്താക്കൾക്ക് പൊതു മാർക്കറ്റിൽ നിന്നും ടെണ്ടർ മുഖേന വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കട്ടപ്പന റെയ്ഡ്കോയുടെ 02.11.2021ലെ KTP/73/2021-22 നമ്പരായുള്ള ഇൻവോയ്സ് പ്രകാരം നികുതിയടക്കം ഒരു തയ്യൽ മെഷീന് ₹6,875/- നിരക്കിൽ ₹4,67,500/- ചെലവഴിച്ച് 68 തയ്യൽ മെഷീൻ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ പരാമർശിക്കുന്നു.

1. സംരംഭകത്വത്തിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളിൽ ഒഴികെ തയ്യൽ മെഷീന് ധനസഹായം നൽകാൻ പാടില്ലായെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)22/2018 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്നത്. അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് സംരംഭക പ്രവർത്തനം ഇല്ല എന്നും വ്യക്തിഗത അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ധനസഹായം നൽകിയതെന്നും ബോധ്യമായിട്ടുണ്ട്.

2. ഗുണഭോക്താക്കൾക്ക് തയ്യൽ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വം ഉണ്ടെന്ന രേഖ ഹാജരാക്കിയിട്ടില്ല.

3. 50% ഗുണഭോക്തൃ വിഹിതത്തിലാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ആകെ ചെലവായ ₹4,67,500/-യുടെ 50% ആയ ₹2,33,750/- മാത്രം നൽകേണ്ടിടത്ത് ₹2,72,000/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതിനാൽ ₹38,250/- അധികം നൽകിയിട്ടുമുണ്ട്

4. പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമെന്നിരിക്കെ (ഖ.2-2) അത്തരം അനുവാദം വാങ്ങിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം വ്യക്തികൾക്ക് തയ്യൽ മെഷീൻ നൽകുന്നത് അനുവദനീയമല്ല. കൂടാതെ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് മേൽ ഉത്തരവ് ഖ.2-3ൽ നിർദ്ദേശിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുമുള്ള ₹2,72,000/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 5/22.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. അനുവാദമില്ലാതെ ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-19 തെരുവ് വിളക്ക് പദ്ധതി - അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതി | പ്രോജക്ട് നമ്പർ 283/22 | പ്രോജക്ട് നമ്പർ 183/22 |
|---|---|---|

| | വഴി വിളക്കുകൾ സ്ഥാപിക്കൽ | തെരുവ് വിളക്കുകൾ വാങ്ങൽ |
|---|---|---|
| അടങ്കൽ | ₹1,865,000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹100,000/- വികസന ഫണ്ട്<br>₹700,000/- തനത് ഫണ്ട് |
| ബിൽ നമ്പർ | PFMS C022259169787<br>Dt:02.03.2022 ₹710,000/-<br>PFMS C022243635982<br>Dt:18.02.2022 ₹800,800/-<br>ബിൽ വിവരം ലഭ്യമല്ല ₹355,000/- | 2110084700160139105<br>Dt:18.03.2022 ₹100,000/-<br>ചെക്ക് നമ്പർ 195192 28.04.2022 ₹566,750/-<br>(ആകെ ചെലവായ ₹2,665,000/- ന്റെ<br>5% സെക്യൂരിറ്റി ഡെപ്പോസിറ്റ് കഴിച്ചുള്ള തുക) |

പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പോസ്റ്റിൽ 621 സി.എഫ്.എൽ. സ്ഥാപിക്കുന്നതിനും വിഭാവനം ചെയ്തിട്ടുള്ള വഴി വിളക്കുകൾ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 283/22) എന്ന പ്രോജക്ടും 12, 13, 25, 26, 17, 19, 33 എന്നീ വാർഡുകളിൽ ₹2,500/- നിരക്കിൽ 320 തെരുവ് വിളക്കുകൾ വാങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ള തെരുവ് വിളക്കുകൾ വാങ്ങൽ (പ്രോജക്ട് നമ്പർ 183/22) എന്ന പ്രോജക്ടും തൻ വർഷം ഊർജ്ജ സംരക്ഷണ മേഖലയിൽ നഗരസഭ ഏറ്റെടുത്തിട്ടുള്ള പദ്ധതികളാണ്. അതിനായി തിരുവനന്തപുരം അമ്മിണി എനർജി സിസ്റ്റംസത്തിൽ നിന്നും താഴെ പരാമർശിക്കുന്ന ബിൽ പ്രകാരം സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

123-024 എന്ന കോഡിലുള്ള ₹1,420/- നിരക്കുള്ള LRS-24A10C LED24W 230V എന്ന ബൾബും അനുബന്ധ സാമഗ്രികളുമാണ് വാങ്ങിയിരിക്കുന്നത്.

| പദ്ധതി | ഇൻവോയ്സ് നം & തീയതി | എണ്ണം | തുക₹ |
|---|---|---|---|
| 283/22<br>വഴി വിളക്കുകൾ സ്ഥാപിക്കൽ | Inv AA-0738 Dt: 16.02.2022 | 564 | 800800 |
| | Inv AA-0741 Dt: 01.03.2022 | 500 | 710000 |
| | Inv AA-0743 Dt: 17.03.2022 | 250 | 355000 |
| 183/22 തെരുവ് വിളക്കുകൾ വാങ്ങൽ | Inv AA-0742 Dt: 17.03.2022 | 564 | 800800 |

പദ്ധതി നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. ഒരു പദ്ധതിയായി നടപ്പാക്കേണ്ടത് രണ്ട് പദ്ധതികളായി വിഭജിച്ച് നടപ്പാക്കി.

2. തെരുവ് വിളക്കുകൾ വാങ്ങൽ എന്ന പദ്ധതിക്കും വഴി വിളക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതിക്കും 564 ബൾബുകൾ വാങ്ങിയതിന് ബില്ലുകൾ കാണുന്നു. ഒരേ ഇനത്തിലുള്ള ഒരേ എണ്ണം സാമഗ്രി ഇത്തരത്തിൽ വാങ്ങൽ നടത്തിയതിന്റെ കാരണം വ്യക്തമല്ല.

3. (എ) വാർഡ് അടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് മൂലം ഏതൊക്കെ വാർഡിൽ എത്രയെണ്ണം വീതം സ്ഥാപിച്ചിരിക്കുന്നു എന്ന് വ്യക്തമായ കണക്ക് നഗരസഭയിലില്ല.

ബി) തെരുവ് വിളക്കുകളുടെ പരാതി രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് മൂലം കേടായ ലൈറ്റുകളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു.

4. ഈ പദ്ധതികൾ പ്രകാരം വാങ്ങിയ സാമഗ്രികകൾ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5. വാങ്ങിയ സാമഗ്രികകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ സാക്ഷ്യപത്രം ലഭ്യമല്ല.

6. ഓരോ വാർഡിലും ഏതെല്ലാം പോസ്റ്റുകളിൽ വഴിവിളക്കുകൾ സ്ഥാപിച്ചു എന്ന മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഇല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 24.02.2023-ലെ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24) മറുപടി ഹാജരാക്കിയില്ല. മേൽ സാഹചര്യത്തിൽ ₹2,531,750/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 സോളാർ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ | 184/22 |
| പദ്ധതി | സോളാർ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ -വാർഡ് 6&18 |
| അടങ്കൽ | ₹325000/- (തനത് ഫണ്ട്) |
| ബിൽ നമ്പർ | ചെക്ക് നമ്പർ 195034 തീയതി 07.03.2022 ₹325000/- |

വാർഡ് 6ൽ ₹125,000/-യും വാർഡ് 18ൽ ₹200,000/-യും വകയിരുത്തി സോളാർ സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാൾ ചെയ്യുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ടെണ്ടർ നടപടികളിലൂടെ കോയമ്പത്തൂർ ഒമേഗ സോളാർ എന്ന സ്ഥാപത്തിൽ നിന്നും 01.03.2022ലെ ഒ.എസ്/101/2021-22 എന്ന ബിൽ പ്രകാരം ₹325,000/- ചെലവഴിച്ച് 12 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ പരാമർശിക്കുന്നു.

1. ടെണ്ടർ നടപടികളിൽ വാങ്ങേണ്ട സാമഗ്രികളുടെ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിട്ടില്ല. 07.12.2021 ലെ ഇ1-2021-22 നമ്പർ ടെണ്ടർ പരസ്യത്തിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ നടത്തുന്നതിന് എന്ന് മാത്രമാണ് പരാമർശിച്ചിരിക്കുന്നത്.

2. സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല.

3. അനെർട്ട് എം-പാനൽ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ സോളാർ സ്ട്രീറ്റ് ലൈറ്റ് ടെണ്ടർ നടപടികൾ സ്വീകരിച്ച് വാങ്ങാൻ പാടുള്ളൂ എന്നാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017 നമ്പരായുള്ള സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നത്. കോയമ്പത്തൂർ ഒമേഗ സോളാർ എന്ന സ്ഥാപനം എം-പാനൽ ചെയ്തതാണെന്നുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ടെണ്ടർ നടപടികളിൽ പങ്കെടുത്ത എക്കോമേറ്റ് എനർജി സൊല്യൂഷൻ, ഉഷ ഇല്ക്ട്രോണിക് സിസ്റ്റം എന്നീ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ അംഗീകാരം ലഭിച്ചതാണെന്ന വിവരം ഫയലിൽ ലഭ്യമാണ്.

മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ₹325,000/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 വാങ്ങൽ പ്രോജക്ടുകളുടെ കരാറുകാരനിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല

ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളുടെ സ്രോതസ്സിൽ നിന്ന് ഓരോ ശതമാനം വീതം കേന്ദ്ര GST, സംസ്ഥാന GST ഇനങ്ങളിൽ വസൂലാക്കേണ്ടതാണ് (2017ലെ CGST, SGST നിയമങ്ങളിലെ 51(1) വകുപ്പ് പ്രകാരം). എന്നാൽ സെക്രട്ടറി താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ നിന്നും ഇത്തരത്തിൽ GST ഈടാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നമ്പർ & പദ്ധതി | കരാർ | വാങ്ങിയ സാമഗ്രികളുടെ ബിൽ വിശദാംശം | ബിൽ തുക ₹ | ഈടാക്കേണ്ട നികുതി ₹ (2%) |
|---|---|---|---|---|---|
| 1 | 32/22 എസ്.സി. വാട്ടർ ടാങ്ക്, 36/22 എസ്.സി. വാട്ടർ ടാങ്ക് | - | എസ്.കെ /2021-22/310 തീ 15.02.2022 വേണുഗോപാൽ എസ്. കെ. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ GSTIN 32AALK1530FZP | 420000 | 8400 |
| 2 | 184/22 സോളാർ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ വാർഡ് 6 & 18 | 106/SE/LSGD/ KTPNA 2021-22 | ഒമേഗ സോളാർ കോയമ്പത്തൂർ OS/101/2021-22 തീ 01.03.2022 GSTIN 33AKMPK7907lIZO | 325000 | 6500 |
| 3 | 283/22 വഴി വിളക്കുകൾ വാങ്ങൽ | | അമ്മിണി എനർജി സിസ്റ്റംസ് തിരുവനന്തപുരം GSTIN 33AALK1530F3ZP Inv AA-0738 Dt: 16.02.2022 ₹800800/- Inv AA-0741 Dt: 01.03.2022 ₹710000/- Inv AA-0743 Dt: 17.03.2022 ₹355000/- | 1865800 | 37316 |
| 4 | 183/22 തെരുവ് വിളക്കുകൾ വാങ്ങൽ | 110/SE/ LSGD/KTPNA 2021-22 | അമ്മിണി എനർജി സിസ്റ്റംസ് തിരുവനന്തപുരം GSTIN 33AALK1530F3ZP Inv AA-0742 Dt: 16.02.2022 | 800800 | 16016 |
| 5 | 284/22 റിംഗ് കമ്പോസ്റ്റ് വാങ്ങൽ | | നോർത്താംപ്സ് ഇ.എൻ.വി. സൊല്യൂഷൻസ് Inv 873 Dt: 23.02.2022 GSTIN 33ABBPZ588H1ZA | 996000 | 19920 |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 18 &19 | | | | |
| 6 | 506/22<br>മൃഗാശുപത്രിക്ക്<br>ലാബ്<br>ഉപകരണങ്ങൾ വാങ്ങൽ | | ജെ.ഡി. ഡയഗ്നോസ്റ്റിക്ക്<br>പ്രൈ. ലിമിറ്റഡ്<br>Inv 17791 Dt: 11.03.2022<br>GSTIN 33AAACJ9656N1Z3 | 299489 | 5990 |
| | | | ആകെ | | 94142 |

കരാറുകാരൻ സ്വന്തം നിലയ്ക്ക് നികുതി അടവാക്കിയെന്ന് ഉറപ്പ് വരുത്തുകയോ, ഈടാക്കി അടയ്ക്കുകയോ ചെയ്യാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പദ്ധതികളുടെ ഫയലുകളും ബില്ലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പദ്ധതി നം. | പദ്ധതി | ചെലവ് ₹ (സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരം) |
|---|---|---|---|
| 1 | 27 | രജിസ്റ്റേർഡ് യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം | 238000<br>(പൊതു വിഭാഗം) |
| 2 | 13 | വനിതകൾക്ക് സ്വയം തൊഴിൽ എബ്രോഡയറി കിറ്റ് വിതരണം | 127936<br>(പൊതു വിഭാഗം) |
| 3 | 26 | കലാകാരന്മാർക്ക് വജ്ര ജൂബിലി ഫെലോഷിപ്പ് നൽകൽ | 180000<br>(പൊതു വിഭാഗം) |
| 4 | 500 | വീട് മെയിന്റനൻസ് - എസ്.സി. വിഭാഗം (സ്പിൽ ഓവർ) | 150000<br>(എസ്.സി.പി) |
| 5 | 29 | വീട് മെയിന്റനൻസ് – എസ്.സി. വിഭാഗം | 5100000<br>(എസ്.സി.പി) |
| 6 | 499 | ഭവന പുനരുദ്ധാരണം എസ്.സി. വിഭാഗം (സ്പിൽ ഓവർ) | 400000<br>(എസ്.സി.പി) |
| 7 | 507 | വീട് മെയിന്റനൻസ് – പൊതു വിഭാഗം | 1150000<br>(പൊതു വിഭാഗം) |
| 8 | 498 | വീട് മെയിന്റനൻസ് – പൊതു വിഭാഗം (സ്പിൽ ഓവർ) | 75000<br>(പൊതു വിഭാഗം) |
| 9 | 188 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 9159883<br>(പൊതു വിഭാഗം)<br>204007<br>(തനത് ഫണ്ട്) |
| 10 | 34 | വീട് മെയിന്റനൻസ് – എസ്.റ്റി. വിഭാഗം | 500000<br>(എസ്.റ്റി) |
| 11 | 78 | വയോജനങ്ങൾക്ക് കമ്പിളി വിതരണം | 238000<br>(പൊതു വിഭാഗം) |
| | | ആകെ | 17522826 |

ഭവന പുനരുദ്ധരണത്തിന്റെ ഭാഗികമായ ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ വിശദ വിവരങ്ങളോ നൽകിയ തുകയുടെ വിവരമോ ഫയലിൽ ലഭ്യമല്ല. ട്രഷറി ബില്ലുകളുടെ പകർപ്പ് മാത്രമാണ് ഫയലിൽ ഉള്ളത്. രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/25.02.2023 നൽകിയെങ്കിലും മറുപടിയോ ഫയലുകളോ ഹാജരാക്കിയില്ല. ആയതിനാൽ ₹17,522,826/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇ-ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനും പദ്ധതി നിർവ്വഹണം നടത്തുന്നതിനുമായി രണ്ട് അക്കൗണ്ടുകളുണ്ട്. രണ്ട് അക്കൗണ്ടുകളിലും വൻതുക അവശേഷിക്കുന്നു.

1. ഇ-ടെണ്ടർ ഫോമിന്റെ വില നിക്ഷേപിക്കുന്ന അക്കൗണ്ടിൽ തുക₹465,250/- അവശേഷിക്കുന്നു.

ഇ-ടെണ്ടർ ഫോമിന്റെ വില നിക്ഷേപിക്കുന്നതിനായി കട്ടപ്പന നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ., കട്ടപ്പന ശാഖയിലുള്ള 67389586061 നമ്പർ അക്കൗണ്ടിൽ ₹405,595/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക നഗരസഭയുടെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഓഡിറ്റ് തീയതി (22.02.2023) വരെയുള്ള കണക്ക് പ്രകാരം ഈ അക്കൗണ്ടിൽ ₹465,250/- അവശേഷിക്കുന്നു. പ്രസ്തുത തുക നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. പദ്ധതി നിർവ്വഹണം നടത്തിനുള്ള അക്കൗണ്ടിൽ ₹1,665,923/- അവശേഷിക്കുന്നു.

കട്ടപ്പന നഗരസഭ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ യൂണിയൻ ബാങ്കിന്റെ കട്ടപ്പന ശാഖയിലുള്ള 352801010035243 അക്കൗണ്ടിൽ 31.03.2022ൽ അവശേഷിക്കുന്നത് ₹1,665,923/- ആണ്. ഇതിന് ശേഷമുള്ള അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഇനം തിരിച്ച് നിർണ്ണയിച്ച് അതാത് വ്യക്തികൾക്ക്/ഹെഡുകളിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണം നടത്തുന്നതിനായി 193 സ്പിൽ ഓവർ പദ്ധതികളുൾപ്പെടെ തൻ വർഷം 415 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. 246 പദ്ധതികൾ നടപ്പാക്കിയതിൽ 89 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. സ്പിൽ ഓവർ പദ്ധതികളിൽ 104 എണ്ണം നടപ്പാക്കാനായില്ല. സ്പിൽ ഓവർ പദ്ധതികളുടെ ബാഹുല്യം മൂലം പുതിയ പ്രോജക്ടുകൾക്ക് ഫണ്ട് ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. പ്രായോഗികമല്ലാത്ത പദ്ധതികൾ ഏറ്റെടുക്കാതിരിക്കാനും പദ്ധതികളുടെ എണ്ണം പരമാവധി കുറയ്ക്കാനും ശ്രമിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാന പാദംവരെ പദ്ധതികളുടെ ആസൂത്രണ പ്രക്രിയകൾ നീണ്ടുപോകുന്നത് മൂലം നിർവ്വഹണത്തിന് ആവശ്യമായ സമയം ലഭിക്കാത്ത സാഹചര്യമുണ്ട്. ഭരണ സമിതി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിവിധ ഇനങ്ങളിലായി ലഭിക്കുന്ന പദ്ധതി വിഹിതങ്ങൾ വാർഡ് തലത്തിൽ വിഭജനം നടത്തുന്നു എന്ന്

മാത്രമല്ല ഇത്തരത്തിൽ വാർഡ് തലത്തിൽ ലഭിക്കുന്ന വിഹിതം പോലും ചെറിയ ചെറിയ പദ്ധതികൾക്കായി വീണ്ടും വിഭജിക്കുന്നതായി ഈ രേഖകളിൽ നിന്നും വ്യക്തമാണ്. 2 ലക്ഷത്തിൽ താഴെ അടങ്കലുള്ള 141 പദ്ധതികൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്. ഇത് ശരിയായ വികസന കാഴ്ചപ്പാടിനെയല്ല പ്രതിഫലിപ്പിക്കുന്നത്.

അംഗീകാരം ലഭിച്ചതിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. ടാറിംഗ്/റീ-ടാറിംഗ് പ്രവൃത്തികളോ ബൃഹത്തായ പദ്ധതികളോ നാമമാത്രമായാണ് നടത്തിയിട്ടുള്ളത്. പദ്ധതി ബാഹുല്യം കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിന് വിഘാതമാകുന്നു. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി മുനിസിപ്പാലിറ്റിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ ഒഴിവാക്കി മതിയായ അടങ്കലുള്ളവ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 ജൈവവള വിതരണം - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

<table>
<tr><td>നിർവ്വഹണം</td><td colspan="2">കൃഷി ഓഫീസർ</td></tr>
<tr><td>പ്രോജക്ട് നമ്പർ</td><td colspan="2">159/2021-22</td></tr>
<tr><td>അടങ്കൽ</td><td colspan="2">₹2209200/- (തനത് ഫണ്ട് )<br>₹736400/- (ഗുണഭോക്തൃ വിഹിതം)</td></tr>
<tr><td rowspan="3">ബിൽ നമ്പർ/<br>തീയതി/തുക</td><td colspan="2">ചെക്ക് നമ്പർ 195079/തീയതി 18.03.2022 ₹1717080/- (തനത് ഫണ്ട്)</td></tr>
<tr><td rowspan="2">ചെക്ക് നമ്പർ 195115/തീയതി. 31.03.2022</td><td>₹492090/- (ഗുണഭോക്തൃ വിഹിതം)</td></tr>
<tr><td>₹736400/- (ഗുണഭോക്തൃ വിഹിതം)</td></tr>
</table>

നഗരസഭയുടെ പരിധിയിലുള്ള കർഷകർക്ക് വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം 1055 കർഷകർക്ക് 80 കിലോ ഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് ലഭ്യമാകുന്നതിനായി ₹2,945,560/- ചെലവഴിച്ച് 84400 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് കട്ടപ്പന സർവീസ് സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്യുന്നതാണ് പദ്ധതി. നഗരസഭയിൽ ₹698/- വീതം ഗുണഭോക്തൃ വിഹിതം അടച്ച് കൈപ്പറ്റുന്ന രസീത്, സർവ്വീസ് സഹകരണ ബാങ്കിൽ ഹാജരാക്കുന്ന മുറയക്ക് കർഷകർക്ക് വളം വിതരണം നടത്തുകയും ആയതിന്റെ സ്റ്റേറ്റ്മെന്റ് നഗരസഭയിൽ ഹാജരാക്കുന്ന പ്രകാരം ബാങ്കിന് തുക കൈമാറുന്ന രീതിയിൽ ആണ് പദ്ധതി നടപ്പാക്കിയത്.

29.09.2021ലെ 24/2021-22 നമ്പർ നോട്ടീസ് പ്രകാരമാണ് കൃഷി ഓഫീസർ പ്രസ്തുത പദ്ധതിക്ക് ഇ-ടെണ്ടർ ക്ഷണിച്ചത്. നോട്ടീസ് നൽകിയത്. അതിൻപ്രകാരം ചിറ്റൂർ അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, കട്ടപ്പന സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഹൈറേഞ്ച് ഫെർട്ടിലൈസർ എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ 26.10.2021 ൽ പരിശോധിക്കുകയും കിലോ ഗ്രാമിന് യഥാക്രമം ₹27.60/-, ₹34.90/-, ₹37/- എന്നീ നിരക്കുകൾ ക്വോട്ട് ചെയ്തതായി ബോധ്യപ്പെടുകയുമുണ്ടായി. സാമ്പിളുകൾ 06.11.2021ന്

ഗുണനിലവാരം പരിശോധിക്കുന്നതിന് കോഴിക്കോട് Indian Institute Of Spice Research (IISR)ന് നൽകി. രണ്ടാമത്തെ താഴ്ന്ന നിരക്ക് L2 രേഖപ്പെടുത്തിയ കട്ടപ്പന സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനമാണ് ഗുണഭോക്താക്കൾക്ക് വളം വിതരണം നടത്തിയത്.

പദ്ധതി നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. കേരള കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ് അനുസരിച്ചുള്ള വേപ്പിൻ പിണ്ണാക്ക് നഗരസഭ അനുവദിക്കുന്ന ജൈവവള നിർമ്മാണ – വിതരണ ലൈസൻസ് വിതരണക്കാരന് ഉണ്ടായിരിക്കേണ്ടതാണെന്ന് പ്രസ്തുത ടെണ്ടർ നോട്ടീസിന്റെ ഒന്നാം നമ്പർ നിബന്ധന ആയി പരാമർശിച്ചിട്ടുണ്ട്. വളം വിതരണം നടത്തിയ കട്ടപ്പന സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. വേപ്പിൻ പിണ്ണാക്കിന്റെ സാമ്പിളും ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണനിലവാര പരിശോധനാ റിപ്പോർട്ടും ടെണ്ടർ രേഖകൾക്കൊപ്പം ഹാജരാക്കേണ്ടതാണെന്ന് ടെണ്ടർ നോട്ടീസിന്റെ ഒമ്പതാം നമ്പർ നിബന്ധന ടെണ്ടറിൽ പാലിച്ചിട്ടില്ല.

3. ഗുണനിലവാരം പരിശോധിക്കുന്നതിന് സാമ്പിളുകൾ 06.11.2021-നാണ് IISRന് നൽകിയത്. ഗുണ നിലവാര റിപ്പോർട്ട് വരുന്നതിന് മുമ്പ് 17.11.2021ലെ പി1-13579/2021 തീരുമാന പ്രകാരം കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ചിറ്റൂർ അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ചു. നടപടികൾ പൂർത്തീകരിക്കുന്നതിന് മുമ്പ് ടെണ്ടർ അംഗീകരിച്ചത് ക്രമവിരുദ്ധമാണ്.

4. താഴെ പരാമർശിക്കുന്ന പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ഉള്ള ഗുണ നിലവാരമാണ് വളത്തിന് വേണ്ടതെന്ന് ടെണ്ടർ നോട്ടീസിൽ പരാമർശിച്ചിരിക്കുന്നത്.

| ഘടകം | സ്പെസിഫിക്കേഷൻ |
|---|---|
| നൈട്രജൻ | 1.5-2% |
| ഫോസ്ഫറസ് | 0.12-0.2% |
| പൊട്ടാസ്യം | 1-1.75% |
| ഓയിൽ | 8.7-10% |

IISRന്റെ 27.12.2021 ലെ PME/IISR/28(22) 20199 നമ്പരായുള്ള പരിശോധനാ റിപ്പോർട്ട് താഴെ നൽകുന്നു.

| ഘടകം | നൈട്രജൻ % | ഫോസ്ഫറസ് % | പൊട്ടാസ്യം% | ഓയിൽ % |
|---|---|---|---|---|
| KTPNA-1/2021-22 | 1.2 | 0.03 | 1.3 | 7.0 |
| KTPNA-2/2021-22 | 1.53 | 0.47 | 1.42 | 14.5 |
| KTPNA-3/2021-22 | 1.9 | 0.48 | 1.53 | 14.3 |

ജൈവ വളത്തിന് വേണ്ട എല്ലാ രാസഘടകങ്ങളും നിശ്ചിത അളവിൽ ഒരു സാമ്പിളിലും ഉണ്ടായിരുന്നില്ല (പട്ടിക ദയവായി കാണുക). ഇക്കാരണം മുൻനിർത്തി ചിറ്റൂർ അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ്

മാർക്കറ്റിംഗ് സൊസൈറ്റിയുടെ ടെണ്ടർ (L1) നിരസിക്കുകയും കട്ടപ്പന സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ 14.12.2021ൽ പർച്ചേസിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. കോഡ് നമ്പരുമായി ബന്ധപ്പെട്ട സ്ഥാപനം തിരിച്ചറിയുന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. എല്ലാ സാമ്പിളുകളും ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേഷനുമായി പൊരുത്തപ്പെടുന്നില്ലെന്നിരിക്കെ (L1)-ന്റെ സാമ്പിൾ മാത്രം നിരസിച്ചതിന്റെ കാരണം വ്യക്തമല്ല.

5. സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വളങ്ങൾ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണെന്നുള്ള സ.ഉ (കൈ)നം.22/2018 /തസ്വഭവ/തീ. 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.1.1(എ) പ്രകാരമുള്ള നിർദ്ദേശം പാലിക്കാതെ ജൈവ വളം സ്വന്തമായി ഉൽപ്പാദിപ്പിക്കാതെ പുറമെ നിന്ന് വാങ്ങി വിതരണം ചെയ്യുന്ന കട്ടപ്പന സർവീസ് സഹകരണ ബാങ്കിനെ വളം വിതരണം നടത്തുന്നതിനായി ഏൽപ്പിച്ച നടപടി ക്രമവിരുദ്ധമാണ്.

6. ജൈവ വളം വിതരണം നടത്തിയതിന് ജി.എസ്.ടി. ബിൽ ഹാജരാക്കാതെ സഹകരണ സംഘത്തിന്റെ ലെറ്റർപാഡിൽ വില ചീട്ടാണ് നൽകിയിരിക്കുന്നത്. എന്നിരുന്നാലും താഴെ പരാമർശിക്കും പ്രകാരം ജി.എസ്.ടി. കണക്കാക്കി രേഖപ്പെടുത്തിയിട്ടുണ്ട്.

| വളത്തിന്റെ ആകെ മൂല്യം ₹ | ഇനം | ഈടാക്കിയ നിരക്ക് | തുക ₹ |
|---|---|---|---|
| 2805295 | CGST | 2.5 % | 70132 |
| | SGST | 2.5 % | 70132 |
| | ആകെ | | 140265 |

കട്ടപ്പന സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ജി.എസ്.ടി. ബിൽ ഹാജരാക്കിയിട്ടില്ല. സ്ഥാപനം സമർപ്പിച്ച രേഖകളിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ഫോം 06ൽ സ്ഥാപനത്തിന്റെ ജി.എസ്.ടി. നം 32AAAAT7092A1ZU എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. ബിൽ സമർപ്പിക്കാതെ 5% ജി.എസ്.ടി. തുക കൂടി അനുവദിച്ചത് ക്രമവിരുദ്ധമാണ്. ജി.എസ്.ടി. ഇനത്തിൽ ഈടാക്കിയ തുക 32AAAAT7092A1ZU എന്ന നമ്പരിൽ ഒടുക്കിയ വിവരം പരിശോധിച്ച് രേഖകൾ ഓഡിറ്റിന് നൽകേണ്ടതാണ്.

7. ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും രണ്ടിന്റെയോ കരാറുകളിലെ, കരാറുകാരുടെ ബില്ലുകളുടെ സ്രോതസ്സിൽ നിന്ന് ഓരോ ശതമാനം വീതം കേന്ദ്ര ജി.എസ്.ടി., സംസ്ഥാന ജി.എസ്.ടി. ഇനങ്ങളിൽ വസൂലാക്കേണ്ടതാണ് (2019ലെ CGST, SGST നിയമങ്ങളിലെ 51(1) വകുപ്പ് പ്രകാരം). ആയതിനാൽ പ്രസ്തുത പദ്ധതിയിൽ നിന്നും ആദായനികുതി ₹58,911/- ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണെങ്കിലും കുറവ് വരുത്താതെയാണ് തുക കൈമാറിയത്. അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറി നം. 34/01.03.2023 നൽകിയെങ്കിലും മറുപടി നൽകിയില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ മൂലം ₹2,945,560/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26-1 ശാന്തിമഠം-ക്ഷേത്രുംപടി-കരിമ്പാനിപ്പടി-തയ്യൽപടി-20 ഏക്കർ-അമ്പാട്ടുപടി റോഡ് - വാർഡ് 21 - ഐറീഷ് ഡ്രെയിൻ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 12/2, 467/22 | |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | ₹200000/- |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹450000/- |
| | തനത് ഫണ്ട് | ₹650000/- |
| അടങ്കൽ | ₹1300000/- | |
| ബിൽ നമ്പർ | 20100847000501225859/14.03.22 | ₹425094/- |
| | 20100847000501396335/27.03.21 | ₹24906/- |
| | 21100847000500324822/17.08.21 | ₹119411/- |
| അളവ് ബുക്ക് നമ്പർ | 255/AEE/20-21 | |

ശാന്തിമഠം-ക്ഷേത്രുംപടി-കരിമ്പാനിപ്പടി-തയ്യൽപടി-20 ഏക്കർ-അമ്പാട്ടുപടി റോഡ് ഐറീഷ് ഡ്രെയിൻ നിർമ്മാണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) അധിക തുക നൽകി

അളവ് ബുക്ക് ഇനം 3 പ്രകാരം മോർഡ് സ്പെസിഫിക്കേഷനിൽ കോഡ് നമ്പർ 11.4.3.1ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 14.938 എം$^3$ ഐറീഷ് ഡ്രെയിൻ നിർമ്മിച്ചു. ഫോം വർക്കിനുള്ള 4% തുക കൂടി ഉൾപ്പെട്ടതാണ് പ്രസ്തുത എസ്റ്റിമേറ്റ്. ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റിൽ നടത്തിയ പരിശോധനയിൽ ഫോം വർക്ക് നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഈ ഇനത്തിൽ രീതിയിൽ അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അനുവദിച്ച നിരക്ക് ₹ | അനുവദിച്ച തുക ₹ | അനുവദിക്കാവുന്ന നിരക്ക് ₹ | അനുവദിക്കാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 8566 | 127958.90 | 8237. 18 | 123046.99 | 4912 |
| ജി.എസ്.ടി 12% | | | | 589 |
| ആകെ | | | | 5501 |

2. റീടെൻഷൻ തുക പിടിച്ചിട്ടില്ല

ഈ പദ്ധതിക്കായി മൂന്ന് പാർട്ട് ബിൽ പ്രകാരം ആകെ ₹569,411/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പാർട്ട് ബിൽ നൽകുമ്പോൾ ആകെ പ്രവൃത്തി മൂല്യത്തിന്റെ 2.5% തുക റീടെൻഷനായി ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. അളവ് ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹508,403/-യുടെ 2.5% തുക ₹12,710/- റീടെൻഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. മാത്രമല്ല, മൂന്നാം പാർട്ട് ബിൽ നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടുമില്ല.

മേൽ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 36/01.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹5,501/- തിരികെ ഈടാക്കേണ്ടതും റീടെൻഷൻ തുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

1-26-2 ഐറിഷ് ഓട നിർമ്മാണ പ്രവൃത്തികൾക്ക് അധികം തുക നൽകി

തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന ഐറിഷ് ഓട നിർമ്മാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Irish Drain ചെയ്യുന്നതിന് 2016-ലെ MORD സ്പെസിഫിക്കേഷൻ കോഡ് 11.4.3.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത് (₹8566.68/എം$^3$). ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെ ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തികളുടെ സൈറ്റ് 28-02-23-ൽ നഗരസഭ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സൈഡ് ഷട്ടറിംഗിന്റെ നിരക്ക് കുറവ് ചെയ്ത തുക അനുവദിക്കുന്നതിന് പകരം MORD SOR 11.4.3.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

നൽകാവുന്ന നിരക്ക്

| ഇനം | നിരക്ക് ₹ |
|---|---|
| അടിസ്ഥാന നിരക്ക് | 4760.88 |
| (-) 4%-ഫോം വർക്കിന്റെ നിരക്ക് | 183.11 |
| ഫോം വർക്ക് ചെയ്യാത്ത പ്രവൃത്തിക്ക് നൽകാവുന്ന അടിസ്ഥാന നിരക്ക് | 4577.77 |
| OH-10% | 457.77 |
| ആകെ | 5035.54 |
| CP-10% | 503.55 |
| ആകെ | 5539.09 |
| കോസ്റ്റ് ഇൻഡക്സ് – 48.71% | 2698.09 |
| നൽകാവുന്നത് | 8237.18 |

നൽകിയ നിരക്ക്

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് പ്രകാരമുള്ള അളവ് | നൽകാവുന്ന നിരക്ക് ₹ | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ (GST 12% ഉൾപ്പെടെ) |
|---|---|---|---|---|---|
| 1. | മൂലേക്കട തുങ്കുഴി റോഡ് ടാറിംഗ്-359/21-22 (Irish Drain)<br>കോൺട്രാക്ടർ-ജോസഫ് വർക്കി<br>എം.ബുക്ക്.നം-259/21-22<br>ചെക്ക് നം.194943/6.1.2022/ ₹48807/-<br>കരാർ നം.83/AE/LSGD/KTPM/ 21-22/തീ. 06.03.2020<br>അടങ്കൽ ₹449131.79/-<br>തനത് ഫണ്ട്/മെയിന്റനൻസ് ഫണ്ട് റോഡ്<br>കോസ്റ്റ് ഇൻഡക്സ് – 48.71% | 46.073 എം3<br>പേജ്-നം.<br>4, 5, 6, 7 | 8237.18/ എം3 | 8566.68/ എം3 | 15181.05<br>GST-12%<br>1821.72<br>=17003 |

പ്രസ്തുത വിവരം ഓഡിറ്റ് എൻക്വയറി നം.35/01.03.2023 മുഖേന അസി. എഞ്ചിനീയറെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല. അധികം നൽകിയ ₹17,003/- നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-26-3 ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം - പാർട്ട് ബില്ലിൽ നിന്ന് തുക ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 163/21, 488/22 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ബിൽ നമ്പർ | 20100847000501417568/30.03.21, ₹122102/-<br>21100847000500273830/06.08.21, ₹916023/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ | ₹1717000/- |

ഈ പദ്ധതിയുടെ പാർട്ട് 1, പാർട്ട് 2 ബില്ലുകൾ പ്രകാരം ₹1,038,125/- ചെലവഴിച്ചിട്ടുണ്ടെങ്കിലും

നാളിതുവരെ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പാർട്ട് ബിൽ നൽകുമ്പോൾ ആകെ പ്രവൃത്തി മൂല്യത്തിന്റെ 2.5% തുക റീടെൻഷനായി ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന നിബന്ധന പാലിച്ചിട്ടുമില്ല. അളവ് ബുക്ക് പ്രകാരം ആകെ പ്രവത്തി മൂല്യമായ ₹926,898/-യുടെ 2.5% തുക ₹23,172/- റീടെൻഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 33/09-03-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. റീടെൻഷൻ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തതിന് തുടർ വർഷങ്ങളിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതിനാൽ പണി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-27 സംയോജിതമായി പദ്ധതി നടപ്പിലാക്കിയില്ല - നഗരസഭയ്ക്ക് 315 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നഷ്ടമായി

സംസ്ഥാനത്തെ നഗരസഭകൾ നിർവ്വഹണം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ, ദേശീയ നഗര ഉപജീവന മിഷന്റെ നഗര ദരിദ്രർക്കുള്ള പാർപ്പിട പദ്ധതി (SHELTER FOR URBAN HOMELESS) പ്രകാരം കട്ടപ്പന നഗരസഭയിലെ അഭയകേന്ദ്ര നവീകരണം/നിർമ്മാണത്തിനായി 2018-19 വർഷം സംസ്ഥാന കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് നഗരസഭ പദ്ധതി രേഖ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. സംസ്ഥാനതല പദ്ധതി അംഗീകാര കമ്മിറ്റി പരിശോധിച്ച് 18.09.2018ൽ അംഗീകാരം നൽകിയിരുന്നു.

ഡി.പി.ആർ. പ്രകാരം ആകെ ₹315 ലക്ഷം അടങ്കലുള്ള പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് എൻ.യു.എൽ.എം. ഫണ്ടിൽ നിന്ന് ₹233 ലക്ഷം കുടുബശ്രീ വകയിരുത്തുകയും അവശേഷിക്കുന്ന ₹82 ലക്ഷം നഗരസഭയുടെ മറ്റ് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന് നിർദ്ദേശിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി എൻ.യു.എൽ.എം. ഫണ്ടിന്റെ 40% തുകയായ ₹9,320,000/- ആദ്യഗഡുവായി 18.09.2018ൽ അനുവദിക്കുകയും ചെയ്തിരുന്നു.

2018-19 വർഷം പദ്ധതിക്കുള്ള ആദ്യഗഡുവായ തുക ₹9,320,000/- ലഭ്യമായിട്ടും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനുള്ള ഓർമ്മക്കുറിപ്പുകൾ നിരവധി തവണ സംസ്ഥാന കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടും ഓഡിറ്റ് വർഷം വരെ (2021-22) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കാവശ്യമായ സാങ്കേതികാനുമതി ലഭ്യമാക്കിയില്ല. എൻ.യു.എൽ.എം.-ന്റെ ഒന്നാം ഘട്ടം 2022 സെപ്റ്റംബർ മാസം അവസാനിച്ചു. ഈ സാഹചര്യത്തിൽ പദ്ധതിക്കായി അനുവദിച്ച ₹315 ലക്ഷം നഗരസഭയ്ക്ക് നഷ്ടമാകുകയും ചെയ്തു. കൂടാതെ പദ്ധതിയുടെ സ്ട്രക്ചറൽ ഡിസൈനിംഗ്, ഡി.പി.ആർ. തയ്യാറാക്കൽ, ടെക്നിക്കൽ അനുമതി എന്നിവയ്ക്കായി ചുമതലപ്പെടുത്തിയ GITPAC INTERNATIONAL എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസിനത്തിൽ നൽകിയ ₹551,493/-യും പാഴ്ച്ചെലവായും മാറി.

ദരിദ്രരായ ഭവനരഹിത കുടുംബങ്ങൾക്ക് പാർപ്പിടവും അഗതികൾ, വികലാംഗർ, മാനസിക വെല്ലുവിളി നേരിടുന്നവർ, വയോധികർ എന്നിവർക്ക് അഭയകേന്ദ്രവും എന്ന അടിസ്ഥാനാവശ്യം സാധിച്ചെടുക്കുന്നതിന് ലഭ്യമായ ഫണ്ട് നഷ്ടപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-28 ക്രിമറ്റോറിയം മെയിന്റനൻസ് - അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് | ക്രിമറ്റോറിയം മെയിന്റനൻസ്<br><br>പ്രോജക്ട് നമ്പർ 554/21-22 |
| അളവ് ബുക്ക് നമ്പർ | 405/LID&ELO/AEE/KTP/21-22 |
| കരാറുകാരൻ | കാർത്തികേയൻ വി. എൻ. |
| കരാർ നമ്പർ | 202/AE/LSGD/KTPM/21-22/11.03.2022 |
| അടങ്കൽ തുക | ₹450000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം ) |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 2110084700501481855 26.03.2022, ₹175406/- |

ക്രിമറ്റോറിയത്തിൽ മെഷ് ഉപയോഗിച്ചുള്ള കതക്, റൂഫിംഗ്, പെയിന്റിംഗ് എന്നിവയ്ക്കായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് നൽകി

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകി.

ട്രസ്സ് പ്രവൃത്തിക്ക് (Builtup) അനുവദനീയമായത് പ്രൈസ് കോഡ് 50.10.1 അനുസരിച്ചുള്ള നിരക്കും ഫ്രെയിം വർക്ക് ഉൾപ്പെടെയുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് നൽകാവുന്നത് പ്രൈസ് കോഡ് 50.10.2 അനുസരിച്ചുള്ള നിരക്കുമാണ് (Steel Work For Purlin/single Section With G I Pipes Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete)

Sp.50.10.2ന് നൽകാവുന്ന നിരക്ക്

| | |
|---|---|
| അടിസ്ഥാന നിരക്ക് | ₹112.35 |
| കോസ്റ്റ് ഇൻഡക്സ്<br><br>41.53% | ₹46.65 |
| ആകെ | ₹159 |

എന്നാൽ അളവ് ബുക്കിലെ പേജ് നം. 11ലെ ഇനം 2 പ്രകാരമുള്ള 316.22 കി. ഗ്രാം സ്റ്റീൽ പ്രവൃത്തിയിൽ ഉൾപ്പെട്ട 250.266 കി.ഗ്രാം മെഷ് ഉപയോഗിച്ചുള്ള കതകിന്റെ സിംഗിൾ സെക്ഷൻ ഫ്രെയിം പ്രവൃത്തിക്ക് 50.10.1 സ്പെസിഫിക്കേഷന്റെ (ട്രസ്സ് വർക്ക്) നിരക്കാണ് നൽകിയിരിക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയ നിരക്ക് | നൽകേണ്ട | അധികം നൽകിയ | അധിക തുകയുടെ | ആകെ അധികം |
|---|---|---|---|---|

| ₹ | നിരക്ക്₹ | നിരക്ക് ₹ | ബാധകമായ GST<br><br>10% | നൽകിയത് ₹ |
|---|---|---|---|---|
| 250.266 X 198.21<br><br>= 49605.22 | 250.266x159<br><br>= 39792.29 | 49605.22 -39792.29<br><br>= ₹9812.93 | 982 | 10795 |

2) ഒരു പ്രവൃത്തിക്ക് രണ്ട് പ്രാവശ്യം തുക അനുവദിച്ചു

അളവ് ബുക്ക് ഇനം നം. 6ലെ 13.48.1 സ്പെസിഫിക്കേഷൻ പ്രകാരം Finishing With Deluxe Multi Surface Paint System For Interiors And Exteriors Using Primer As Per Manufacturers Specifications :Two Or More Coats Applied On Walls @1.25 Ltr/10 Sqm Over And Including One Coat Of Special Primer Applied @0.75 Ltr/10 Sqm എന്ന പെയിന്റിംഗ് ഇനമാണ് ചെയ്തിരിക്കുന്നത് 130.111 എം2 പെയിന്റ് ചെയ്തതിന് ₹174.72/- നിരക്കിൽ ₹22732.99/- നൽകുകയും ചെയ്തു. ഈ ഇനത്തിൽ സ്പെഷ്യൽ പ്രൈമറും ഉൾപ്പെടുന്നു.

എന്നാൽ അധിക ഇനം നം.1ൽ 13.43.1 സ്പെസിഫിക്കേഷൻ പ്രകാരം പ്രൈമിംഗിനായി Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface. Water Thinnable Cement Primer എന്ന ഇനവും ഉൾപ്പെടുത്തി 130.111 എം$^2$ പ്രവൃത്തിക്ക് ₹73.74/-നിരക്കിൽ ₹9594.39/- അനുവദിച്ചു. ആദ്യ ഇനത്തിൽ പ്രൈമർ ഉൾപ്പെടുന്നതിനാൽ അതേ ഇനത്തിന് വീണ്ടും തുക നൽകിയത് അംഗീകരിക്കത്തക്കതല്ല.

| | |
|---|---|
| അധികം നൽകിയത് | ₹9594.39 |
| + 10% ജി.എസ്.ടി | ₹960 |
| ആകെ | ₹10554/- |

ഖണ്ഡിക 1, 2 എന്നിവ പ്രകാരം ആകെ അധികം നൽകിയത് = ₹19,407/- (9813 + 9594) ബാധകമായ ജി.എസ്.ടി. = ₹1,942/- (982+960).

പ്രസ്തുത വിവരം അസി. എഞ്ചിനീയറെ അറിയിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി നം.17/25.02.2023) മറുപടി ലഭിച്ചില്ല. നഷ്ട തുക ₹19,407/-, ജി.എസ്.ടി. ₹1,942/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-29 തെറ്റായ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | ഗവൺമെന്റ് ഹൈസ്കൂൾ പെയിന്റിംഗ്<br><br>പ്രോജക്ട് നമ്പർ – 63/21-22 |
| അളവ് ബുക്ക് നമ്പർ | 410/LID &ELO/AEE/KTPA/21-22 |

| | |
|---|---|
| കരാറുകാരൻ | ജിജി കുര്യാക്കോസ് |
| കരാർ നമ്പർ | 105/AE/LSGD/KTPM/21-22/തീ. 13.01.2022 |
| അടങ്കൽ തുക | ₹200000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 211008470050l445528/തീ. 24.03.2022 ₹165863/- |

ഗവൺമെന്റ് ഹൈസ്കൂളിന്റെ പഴയ കെട്ടിടത്തിന് പെയിന്റിംഗ് നടത്തുന്നതിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന് പെയിന്റിംഗിനായി പുതിയ കെട്ടിടത്തിന്റെ പെയിന്റിംഗ് നിരക്കാണ് 2018 പ്രൈസിലെ 13.46.1 സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത് ₹202.39/- (അടിസ്ഥാന നിരക്ക് ₹143 + 59.387 കോസ്റ്റ് ഇൻഡക്സ് – 41.53%). ടെണ്ടറിൽ കരാറുകാരൻ ₹168/എം2 കോട്ട് ചെയ്യുകയും എം. ബുക്ക് ഇനം നം. 1 പ്രകാരം 881.50എം$^2$ ചെയ്തതിന് ₹148,092/- അനുവദിക്കുകയും ചെയ്തു. എന്നാൽ എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ., നഗരസഭ സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 22.02.2023-ൽ നടത്തിയ സ്ഥല പരിശോധനയിൽ ആകെയുള്ള 881.50എം$^2$ൽ 300എം2 പെയിന്റ് ചെയ്തിരിക്കുന്നത് പഴയ സ്കൂൾ കെട്ടിടത്തിലാണെന്ന് ബോധ്യപ്പെട്ടു. പഴയ കെട്ടിടത്തിൽ ചെയ്തിരിക്കുന്ന പെയിന്റിംഗ് പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് 13.111.1 സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ₹122.77/-മാത്രമാണ് (അടിസ്ഥാന നിരക്ക് ₹86.75 +36.02/- (കോസ്റ്റ് ഇൻഡക്സ് – 41.53%).

തെറ്റായ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തി അധികം തുക നൽകിയിരിക്കുന്നു.

എം. ബുക്ക് പേജ് നമ്പർ 10 പ്രകാരം ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ.

<u>നൽകിയ നിരക്ക്</u>

| ഇനം | ചെയ്ത അളവ്-എം2 | നിരക്ക് ₹ | തുക ₹ |
|---|---|---|---|
| 13.46.1<br>Finishing Walls With Acrylic Smooth Exterior Paint Of Required Shade:Finishing Walls With Acrylic Smooth Exterior Paint Of Required Shade: | 881.50 | 168/എം2 | 148092/- |

<u>നൽകാവുന്ന നിരക്ക്</u>

| ഇനം | ചെയ്ത അളവ്-എം2 | നിരക്ക് ₹ | തുക ₹ |
|---|---|---|---|
| Finishing Walls With Acrylic Smooth Exterior Paint Of Required Shade : Old Work (Two Or | ആകെ-881.50എം2<br>(പഴയ കെട്ടിടത്തിലെ പെയിന്റിംഗ് | 122.77/എം2 | 108221.75 |

| | | | |
|---|---|---|---|
| More Coat Applied @ 1.67 Ltr/10 Sqm) On Existing Cementpaint Surface | അളവ് 500 എം2) | | |

| | |
|---|---|
| ആകെ പെയിന്റിംഗ് പ്രവൃത്തി | 881.50 എം2 |
| പുതിയ കെട്ടിടത്തിൽ ചെയ്തത് | 500 എം2 |
| പഴയ കെട്ടിടത്തിൽ ചെയ്തത് | 300എം2 |
| പഴയ കെട്ടിടം പെയിന്റിംഗിന് നൽകാവുന്ന നിരക്ക് | 122.77/എം2 |
| നൽകാവുന്ന തുക 300 എം2 @ ₹122.77/എം2 | ₹ 36831/- |
| നൽകിയ തുക 300 എം2 @ ₹168/എം2 | ₹50400/- |
| അധികം നൽകിയത് ( 50400-36831) | ₹13569/- |
| (+)12%GST | ₹1628/- |
| ആകെ അധികം നൽകിയത് | ₹15197/- |

പ്രസ്തുത വിവരം അസി. എഞ്ചിനീയറെ അറിയിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി നം.19/25.02.2023) മറുപടി ലഭിച്ചില്ല. നഷ്ടതുക ₹15,197/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവർത്തികളിൽ റീ-ടെൻഷൻ തുക ഈടാക്കിയിട്ടില്ല

GO(P) No. 429/15 Fin Dated - 28.9.2015 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലാണ് നൽകുന്നതെങ്കിൽ ബിൽ തുകയിൽ നിന്നും 2.5% റീടെൻഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2021-22 വർഷം നടപ്പിലാക്കിയിരിക്കുന്നതും പാർട്ട് ബിൽ നൽകിയതുമായ പ്രവൃത്തികളിൽ നിന്നും ഇപ്രകാരം റീടെൻഷൻ പിടിച്ചിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തി മൂല്യം ₹ | ആദ്യത്തെ പാർട്ട് ബിൽ തുക ₹ | രണ്ടാമത്തെ പാർട്ട് ബിൽ തുക ₹ | ഈടാക്കേണ്ടിയിരുന്ന റീടെൻഷൻ തുക₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പള്ളിമേട് ചുക്കാനിപ്പടി റോഡ് 143/21-22 | 347507 | 194607/- | 152899.14/- | 8688. |
| 2 | പുളിയൻമല പബ്ലിക് ടോയ് ലറ്റ് 288/21-22 | 548814 | 548814 | - | 13720 |

റീടെൻഷൻ പിടിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-31 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2021-22 വർഷം ആരംഭിച്ച താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട്/പ്രോജക്ട് നമ്പർ | ചെലവ് തുക | തൻ വർഷം വരെ ചെയ്ത പ്രവൃത്തി | അവശേഷിക്കുന്ന ഘട്ടം |
|---|---|---|---|---|
| 1 | ഭജനമഠം കുടിവെള്ള പദ്ധതി 270/21-22 | ₹29709/- 22.2.2022 | കിണർ സ്ഥാപിക്കൽ | വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ |
| 2 | മണ്ണൂശ്ശേരിപ്പടി കുടിവെള്ള പദ്ധതി 516/21-22 | ₹115000/- 27.3.2022 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | - ടി - |
| 3 | വെട്ടുക്കുഴിക്കവല കുടിവെള്ള പദ്ധതി 219/21-22 | ₹275000/- 27.3.2022 | കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |
| 4 | വലിയപാറ കുടിവെള്ള പദ്ധതി 217/21-22 | ₹143674/- 28.03.2022 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | - ടി - |
| 5 | നിർമ്മല സിറ്റി കുടിവെള്ള പദ്ധതി 277/21-22 | ₹200000/- 28.03.2022 | – ടി – | - ടി - |
| 6 | പേഴുംകവല സിറ്റി കുടിവെള്ള പദ്ധതി 542/21-22 | ₹145625/- 30.03.2022 | – ടി – | - ടി - |
| 7 | അമ്പലപ്പാറ കുടിവെള്ള പദ്ധതി 459/21-22 | ₹120711/- 07.03.2022 | – ടി – | - ടി - |
| 8 | ആനകുത്തി കുടിവെള്ള പദ്ധതി 222/21-22 | ₹350000/- 28.03.2022 | കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |
| 9 | പുളിയൻമല ഇ.എം.എസ്. പൈപ്പ് ലൈൻ വാർഡ്-15 118/21-22 | ₹49816/- 07.03.2022 | കിണർ വൃത്തിയാക്കൽ | - ടി - |
| 10 | ജനപ്രിയ കുടിവെള്ള പദ്ധതി വാർഡ്-15 216/21-22 | ₹200000/- 28.3.2022 | കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |
| 11 | കല്ലുകുന്ന് കുടിവെള്ള പദ്ധതി 211/22 | ₹352378/- 28.03.2022 | പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് | വൈദ്യുതി ലഭ്യമാക്കി വിതരണം നടത്തുവാൻ |

| | | | | |
|---|---|---|---|---|
| 12 | കാനപ്പള്ളി കുടിവെള്ള പദ്ധതി<br>225/22 | ₹75000/-<br>28.03.2022 | കുഴൽകിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |
| 13 | പോലീസ് വളവ് കുടിവെള്ള പദ്ധതി<br>229/22 | ₹200000/-<br>20.05.2022 | - ടി - | - ടി - |
| 14 | പാറമട രവിക്കട പടി കുഴൽകിണർ<br>വാർഡ് 16<br>234/22 | ₹302472/-<br>30.03.2022 | കിണർ സ്ഥാപിച്ചിട്ടുണ്ട് | വൈദ്യുതി ലഭ്യമാക്കി വിതരണം ചെയ്യുവാൻ |
| 15 | പശ്ശുപ്പാറ പടി കുടിവെള്ള പദ്ധതി<br>267/22 | ₹110000/-<br>30.03.2022 | കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |

പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തുടർ വർഷത്തിൽ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. 2022-23 വർഷത്തിൽ ഈ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 മുനിസിപ്പൽ മൈതാനത്ത് ഫുട്ബോൾ കോർട്ട് നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | മുനിസിപ്പൽ മൈതാനത്ത് ഫുട്ബോൾ കോർട്ട് നിർമ്മാണം |
| പ്രോജക്ട് നമ്പർ | 309/21-22 |
| അളവ് ബുക്ക് നമ്പർ | 423/LID &EW/AEE/KTP/21-22 |
| കരാറുകാരൻ | ജോസഫ് വർക്കി |
| കരാർ നമ്പർ | 66/AE/LSGD/KTPM/21-22/തീ. 05.03.2019 |
| അടങ്കൽ തുക | ₹300000/- (തനത് ഫണ്ട് ) |
| ചെക്ക് നമ്പർ/<br>തീയതി/തുക | 194188/തീ. 13.07.2021, ₹2,99,700/- |

2021-22 വർഷം മുനിസിപ്പൽ മൈതാനത്ത് ഫുട്ബോൾ കോർട്ട് നിർമ്മിക്കുന്നതിനായി സ്പിൽ ഓവർ പ്രോജക്ടായി താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തി 2016 DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

| | | |
|---|---|---|
| 1 | 30.2.5 | Rough Dressing |
| 2 | 30.2.6 | Uprooting Weeds |
| 3 | 30.2.10.1 | Grassing With Selection Grass |
| 4 | 18.12.4 | Providing GI Pipes |
| 5 | 11.4.3.1 | Yard Concreting |

എസ്റ്റിമേറ്റിലെ ഈ ഇനങ്ങളിൽ മാറ്റംവരുത്തി താഴെ പറയുന്ന പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി

| | |
|---|---|
| Od1132513/18-19 | Bermuda Grass Seed With Cockbit Bricks,original Manure.Including Watering And Maintanance Of The Lawn For 60 Days |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതി നടത്തിപ്പിനായി തമിഴ്നാട്ടിലുള്ള സേലം നാച്ചുറൽ ഏജൻസിയിൽ നിന്നും ₹1735 നിരക്കിൽ 96 കിലോ ഗ്രാം ബർമുഡാ പുൽ വിത്തുകൾ വാങ്ങിയതായി രേഖപ്പെടുത്തി വിത്തുകൾ വാങ്ങുന്നതിനായി കരാറുകാരന് തുക നൽകിയിട്ടുണ്ടെങ്കിലും വിത്തുകൾ വാങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

വിത്തുകൾ പാകി, വളം ഇട്ട് 60 ദിവസം വെള്ളം നനച്ച് സംരക്ഷിക്കുന്നതിനാണ് അളവു ബുക്ക് പ്രകാരം കിലോ ഗ്രാമിന് ₹2868.91/- നൽകിയിരിക്കുന്നത്. ഇപ്രകാരം സംരക്ഷിക്കാത്തതിനാൽ പാകിയ വിത്തുകൾ നശിച്ചുപോയ അവസ്ഥയിലാണ്. കൂടാതെ വിവിധ പരിപാടികൾക്കായി തുടർച്ചയായി മൈതാനം വിട്ട് നൽകുന്നതിനാൽ വിതച്ച പുൽ വിത്തുകൾ പരിപാലിക്കുവാൻ സാധിക്കാത്ത നിലയിലുമാണ്.

ദീർഘവീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും, വിതച്ച വിത്തുകളെ പരിപാലിക്കുന്നതിൽ വീഴ്ചവരുത്തിയതു മൂലവും പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക പ്രയോജനരഹിതമായി മാറിയിരിക്കുന്നു. മോനിട്ടറിംഗ് സമിതിയുടെ മേൽനോട്ടപ്പിശക് മൂലം പദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല. ഭാവിയിൽ കൃത്യമായ രീതിയിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 കുടുംബശ്രീ - അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

കുടുംബശ്രീ സി.ഡി.എസ്.-ന് വിവിധ അക്കൗണ്ടുകളിലായി ₹1,788,150/- ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നമ്പർ | 31.03.2022ലെ ബാലൻസ് ₹ | റിമാർക്സ് |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക്, കട്ടപ്പന അക്കൗണ്ട് നം. 9327 | 284032 | തനത് ഫണ്ട് |
| 2 | യൂണിയൻ ബാങ്ക്, കട്ടപ്പന അക്കൗണ്ട് നം. 2065 | 474546 | ജില്ലാ മിഷൻ |
| 3 | യൂണിയൻ ബാങ്ക്, കട്ടപ്പന അക്കൗണ്ട് നം. 4585 | 21420 | സ്നേഹനിധി |
| 4 | യൂണിയൻ ബാങ്ക്, കട്ടപ്പന അക്കൗണ്ട് നം. 9839 | 25432 | ആശ്രയ (ജനറൽ) |
| 5 | യൂണിയൻ ബാങ്ക്, കട്ടപ്പന അക്കൗണ്ട് നം. 9840 | 1334 | ആശ്രയ(എസ്.റ്റി) |
| 6 | സെൻട്രൽ ബാങ്ക്, കട്ടപ്പന അക്കൗണ്ട് നം. 6902 | 208619 | കമ്മ്യൂണിറ്റി എൻർപ്രൈസസ് |
| 7 | ഐ.സി.ഐ.സി.ഐ. ബാങ്ക്, കട്ടപ്പന അക്കൗണ്ട് നം. 1875 | 772767 | എൻ.യു.എൽ.എം. |
| | ആകെ | 1788150 | |

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും ഉതകുന്ന പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഭരണ സമിതി

ശ്രദ്ധിക്കേണ്ടതാണ്.

1-34 മുൻകൂറുകൾ ക്രമീകരിച്ചില്ല

വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർ മുൻകൂറായി കൈപ്പറ്റിയ താഴെ പറയുന്ന തുകകൾ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരണം നടത്തിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നമ്പർ | തുക ₹ | ഫയൽ നമ്പർ | ഇനം | കൈപ്പറ്റിയ ആൾ |
|---|---|---|---|---|---|
| 1 | 16/5-21<br>ചെക്ക് നമ്പർ<br>172913/04.05.2021 | 10000 | എച്ച്. ഐ. 6971/21 | കോവിഡ് | ശ്രീ. ആറ്റ്ലി പി. ജോൺ<br>നോഡൽ ഓഫീസർ |
| 2 | 39/5-21<br>ചെക്ക് നമ്പർ<br>172921/14.05.2021 | 100000 | പി1-7164/21 | കോവിഡ് | ശ്രീ. ബിന്ദു കെ.<br>സീനിയർ ക്ലാർക്ക് |
| 3 | 93/9-21<br>ചെക്ക് നമ്പർ<br>173081/24.09.2021 | 50000 | എച്ച്. ഐ. 11178/21 | സ്വാതന്ത്ര്യദിനാഘോഷം | ശ്രീ. അജിത്കുമാർ<br>എൻ. കെ.<br>എച്ച്. ഐ. |
| 4 | 67/10-21<br>ചെക്ക് നമ്പർ<br>194826/28.10.2021 | 75000 | എച്ച്. ഐ. 13278/21 | മരം മുറിക്കുന്നതിന് | ശ്രീ. അജിത്കുമാർ<br>എൻ. കെ.<br>എച്ച്. ഐ. |
| 5 | 30/03-22<br>ചെക്ക് നം.<br>195038/07.03.22 | 60000 | എച്ച്. ഐ. 3392/22 | വാഹന ചെലവ് | ശ്രീ. അജിത്കുമാർ<br>എൻ. കെ.<br>എച്ച്. ഐ. |
| ആകെ | | 295000 | | | |

മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതും ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതുമാണ്. ഇപ്രകാരം മുൻകൂർ തുകകൾ ക്രമീകരിക്കാത്തപക്ഷം ജി.ഒ(പി)418/2011/ധന./തീയതി 04.10.2011 പ്രകാരം മുഴുവൻ തുകയും പിൻവലിച്ച തീയതി മുതൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ (31/28.02.2023) മുഖേന ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹295,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി അനുവദിച്ചു

| പ്രോജക്റ്റിന്റെ പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി | തുക (₹) | ഫണ്ട് |
|---|---|---|---|
| അങ്കണവാടി പോഷകാഹാരം (58/2022) | 21100847001200194132/ 12.07.2021 | 2646063 | വികസന ഫണ്ട് പൊതുവിഭാഗം |
| | 21100847001200468670/ 23.09.2021 | 1057967 | വികസന ഫണ്ട് പൊതുവിഭാഗം |

| | | | |
|---|---|---|---|
| | 2110084700120121578/<br>25.02.2022 | 295970 | വികസന ഫണ്ട്<br>പൊതുവിഭാഗം |
| | 224105/<br>21.03.2022 | 760886 | കേന്ദ്രാവിഷ്കൃത ഫണ്ട് |

CGST Act, 2017 ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഇടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പടെ കിലോഗ്രാമിന് ₹73.50/-(₹70.00 + ₹3.50)യാണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ, നഗരസഭയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് അമല ന്യൂട്രിമിക്സ്, കാൽവരി മൗണ്ട് എന്ന സ്ഥാപനം Bill Of Supply നൽകിയിട്ടുള്ളതെങ്കിലും 5 ശതമാനം ജി.എസ്.ടി.-യും ഈടാക്കിയിട്ടുണ്ട്. സ്ഥാപനം നൽകിയിട്ടുള്ള ബിൽ ഓഫ് സപ്ലൈയിൽ ജി.എസ്.ടി. ഈടാക്കുവാൻ അർഹതയില്ലെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. ഈടാക്കിയത് കാരണം ₹131,569/- അധികമായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ ഓഫ് സപ്ലൈ നമ്പർ/തീയതി | വാങ്ങിയ അളവ് കിലോഗ്രാം | അകെ ഈടാക്കിയ തുക @₹73.50/കി.ഗ്രാം | ഈടാക്കാവുന്ന തുക @₹70/കി .ഗ്രാം | അധികം നൽകിയ തുക **(₹)** |
|---|---|---|---|---|---|
| 1 | 409/07.04.2021 | 2667.00 | 196024.5 | 186690 | 9334.5 |
| 2 | 417/11.05.2021 | 2859.00 | 210136 | 200130 | 10006.5 |
| 3 | 424/08.06.2021 | 2607.00 | 191614.5 | 182490 | 9124.5 |
| 4 | 430/05.07.2021 | 2397.500 | 176179.5 | 167790 | 8389.5 |
| 5 | 436/04.08.2021 | 2415.00 | 177502.5 | 169050 | 8452.5 |
| 6 | 441/03.09.2021 | 2268.00 | 166698 | 158760 | 7938 |
| 7 | 447/05.10.2021 | 2238.00 | 164493 | 156660 | 7833 |
| 8 | 460/05.11.2021 | 2565.50 | 188564.25 | 179585 | 8979.25 |
| 9 | 469/07.12.2021 | 2253.00 | 165595.5 | 157710 | 7885.5 |
| 10 | 479/04.01.2022 | 2676.00 | 196686 | 187320 | 9366 |
| 11 | 490/14.02.202 | 2474.50 | 181876.75 | 173215 | 8660.75 |
| 12 | 503/05.03.2022 | 2172.00 | 159642 | 152040 | 7602 |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 2175012 | 2071440 | 103572 |

ജി.എസ്.ടി.-ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. അധികമായി നൽകിയത് മൂലം ₹103,572/- സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/23.02.2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം കോംപോസിഷന് ഓപ്റ്റ് ചെയ്തിട്ടുള്ളതും 1 ശതമാനം നികുതി ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പാദത്തിൽ ഒടുക്കിയിട്ടുള്ളതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധികമായി ഈടാക്കിയ ജി.എസ്.ടി തുക ₹103,572/-അമല ന്യൂട്രിമിക്സ്, കാൽവരി മൗണ്ടിൽ നിന്ന ഈടാക്കി അറിയിക്കേണ്ടതാണ്. ₹103,572/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 മാനദണ്ഡങ്ങൾ പാലിക്കാതെ നഗരസഭ കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മിച്ചു

വൗച്ചർ നമ്പർ – 85/11-21 ചെക്ക് നമ്പർ – 194877/26.11.2021, ₹70,400/-

വൗച്ചർ നമ്പർ – 33/12-21 ചെക്ക് നമ്പർ - 194905/10.12.2021, ₹122,052/-

